# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/ഡി3/1544/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 22/08/2025
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/ഡി3/1544/25 തീയ്യതി: 22/08/2025

**കോഴിക്കോട് ജില്ലയിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-07-2024 മുതൽ 20-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.എസ് .ബിജേഷ്.കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 21-07-2025 | 29-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-07-2025 | 29-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. രബിത.ടി.പി, ഓഡിറ്റ് ഓഫീസർ

ശ്രീ.രാജീവൻ. എൻ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ദേവാനന്ദ്.ടി സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ജിഷ.പി,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. അശ്വതി.ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി എച്ച് സുരേഷ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.നാരായണൻ പി | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മുജീബ് സി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.ധന്യ | വെറ്ററിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ഡോ.അഭയ് ദേവ് കെ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീമതി.സ്മിത കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 10-01-2025 |
| ശ്രീമതി.ലിജി.പി.ജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11-01-2025 | 17-03-2025 |
| ശ്രീമതി.സാബിറ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 18-03-2025 | 31-03-2025 |
| ശ്രീമതി.എൻ.കെ.പ്രമീള | ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് | 01-04-2024 | 31-03-2025 |
| ശ്രീ.കെ.സി.സുധീർനാഥ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി.റുമൈസ പി.എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 05-03-2025 |
| ശ്രീ.അക്ബർ ഷെരീഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 06-03-2025 | 31-03-2025 |
| ഡോ.ദിവ്യ കെ.എസ് | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2024 | 26-07-2024 |
| ഡോ.മഹേഷ്.കെ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 27-07-2024 | 31-03-2025 |
| ശ്രീമതി.മഞ്ജുള പി | വി.ഇ.ഒ | 01-04-2024 | 09-09-2024 |
| ശ്രീമതി.റെജി.പി | വി.ഇ.ഒ | 10-09-2024 | 31-03-2025 |
| ശ്രീ.അബ്ദുൾ ജലീൽ പി പി | വി.ഇ.ഒ | 01-04-2024 | 31-03-2025 |
| ശ്രീ.ഉമ്മർകുട്ടി കെ വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 30-04-2024 |
| ശ്രീ.രവി.എം.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-05-2024 | 24-09-2024 |
| ശ്രീ.ഷിബിൻ.കെ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 25-09-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | Directly Debited By Bank ആയി കാണിച്ചിട്ടുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല | 1-1-3 |
| 5 | Directly Credited By Bank ആയി ചേർത്ത തുകകൾ ക്രമീകരിച്ചില്ല | 1-1-4 |
| 6 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | സി.എസ്.സി. (ടൈഡ് ഫണ്ട്)തനത് ഫണ്ടിൽ നിക്ഷേപിച്ചു. | 1-1-6 |
| 8 | ധനകാര്യകമ്മീഷൻ ഗ്രാന്റ് ബാലൻസ് ഷീറ്റ് ബി4 നീക്കിയിരിപ്പ് ബി 17 ലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ഇ ടെണ്ടർ ഫീ വരവ് വന്നിട്ടില്ല | 1-1-8 |
| 10 | നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക ശരിയായി അക്കൗണ്ട് ചെയ്തില്ല | 1-1-9 |
| 11 | പെർമിറ്റ് ഫീസ് വരവ്-വാർഷിക കണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | കാഷ് ബാലൻസ് പരിശോധന | 1-6 |
| 17 | കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു-നികുതി നഷ്ടം സംഭവിക്കുന്നു | 1-7 |
| 18 | വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. | 1-8 |
| 19 | സുലേഖ ചെലവ് പത്രികയിൽ ചെലവ് ഉൾപ്പെട്ടില്ല | 1-9 |
| 20 | സ്ഥിരനിക്ഷേപത്തിന് വാഗ്ദാനം ചെയ്ത പലിശ ലഭിച്ചില്ല | 1-10 |
| 21 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഫണ്ട്) തനത് ഫണ്ടിൽ നിക്ഷേപിച്ചു | 1-11 |
| 22 | പെയിൻ& പാലിയേറ്റീവ് കെയർ പദ്ധതി വാഹനവാടക -അധികം തുക നൽകി | 1-12 |
| 23 | സാനിട്ടറി പാഡ് ഡിസ്പോയർ - ഉപയോഗക്ഷമമാക്കിയില്ല | 1-13 |
| 24 | ഹോമിയോ ആശുപത്രിയിലേക്കുള്ള മുഴുവൻ മരുന്നുകളും ലഭിച്ചില്ല | 1-14 |
| 25 | അങ്കണവാടി അനുപൂരക പോഷകാഹാരം - കേന്ദ്ര വിഹിതം വിനിയോഗിക്കുന്നതിൽ വീഴ്ച | 1-15 |
| 26 | വീട് വാസയോഗ്യമാക്കൽ പദ്ധതി - എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഗുണഭോക്താക്കൾക്ക് ബാധ്യതയാകുന്നു | 1-16 |
| 27 | കുടിവെള്ള വിതരണം - കരാറുകാരന് അധിക തുക അനുവദിച്ചു | 1-17 |
| 28 | അങ്കണവാടികളിലെ വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ മാറ്റുന്നതിന് നടപടി സ്വീകരിച്ചില്ല | 1-18 |
| 29 | കോറോത്ത് മല കുടിവെള്ള പദ്ധതി - മോട്ടോർ മാറ്റി വെയ്ക്കൽ - അപാകത | 1-19 |
| 30 | എസ്.എസ്.കെ പദ്ധതി നിർവ്വഹണത്തിൽ ഗ്രാമ പഞ്ചായത്തിന്റെ പങ്കാളിത്തം കുറവ് | 1-20 |
| 31 | കമ്പ്യൂട്ടറുകൾക്ക് എ.എം.സി - കൃത്യത ഉറപ്പുവരുത്താതെ തുക അടവാക്കുന്നു | 1-21 |
| 32 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-22 |
| 33 | ഓഫീസ് നവീകരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ അക്രഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം | 1-23 |
| 34 | മണ്ണ് പരിശോധനയ്ക്കും സ്ട്രക്ചറൽ ഡിസൈനിങ്ങിനും തുക നൽകൽ - സർക്കാർ | 1-24 |

| | | |
|---|---|---|
| | നിർദ്ദേശം പാലിച്ചില്ല. | |
| 35 | കമ്പ്യൂട്ടർ/അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- ഹാർഡ് വെയർ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല | 1-25 |
| 36 | പൊതു ഇടങ്ങളിൽ ബിന്നുകൾ സ്ഥാപിക്കൽ - അപാകതകൾ | 1-26 |
| 37 | ക്ലീൻ കോട്ടൂർ ഗ്രീൻ കോട്ടൂർ - തിരസ്കൃതമാലിന്യം കയ്യൊഴിയുന്നതിലെ അപാകതകൾ | 1-27 |
| 38 | റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല | 1-28 |
| 39 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല | 1-29 |
| 40 | എം.സി.എഫ് - പൊളിച്ചു നീക്കിയ ഗേറ്റ് ഉപയോഗപ്പെടുത്തിയില്ല | 1-30 |
| 41 | കോളിക്കടവ് ഖാദി കെട്ടിടം - ഗ്രാമപഞ്ചായത്തിന്റെ ആസ്തിയല്ലാതിരുന്നിട്ടും പ്രവൃത്തികൾക്കായി തുക ചെലവഴിച്ചു | 1-31 |
| 42 | പ്രവൃത്തി പൂർത്തീകരിച്ചിട്ടും നിർമ്മിതികൾ ഉപയോഗപ്പെടുത്തുന്നില്ല | 1-32 |
| 43 | ജലജീവൻ മിഷൻ പദ്ധതി - പഞ്ചായത്ത് / ഗുണഭോക്തൃ വിഹിതങ്ങൾ നാളിതുവരെ കൈമാറിയില്ല | 1-33 |
| 44 | ആരോഗ്യമേഖലാ ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പെയിൻ& പാലിയേറ്റീവ് കെയർ പദ്ധതി വാഹനവാടക -അധികം തുക നൽകി | 3-1 |
| 2 | കുടിവെള്ള വിതരണം - കരാറുകാരന് അധിക തുക അനുവദിച്ചു. | 3-2 |
| | ഭാഗം **4** | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 27.05.2025 തീയതിയിലെ 01(1) നമ്പർ തീരുമാനപ്രകാരം തയ്യാറാക്കി 11.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കോഴിക്കോട്

തീയതി: 22.08.2025

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതും എന്നാൽ സ്ഥിരീകരിക്കാത്തതുമായ തുകകൾ സംബന്ധിച്ചുള്ള അക്കൗണ്ട് കുറിപ്പുകൾ, അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (1,47,73,386/-രൂപ) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (-93,43,359/-രൂപ) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 Directly Debited By Bank ആയി കാണിച്ചിട്ടുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല

എസ്.ബി.എ ഇ പേയ്മെന്റ് അക്കൗണ്ടിന്റെ ബാങ്ക് റീക്കൺസീലിയേഷൻ പത്രിക പ്രകാരം Directly Debited By Bank ആയി 30.4.23 ന് 709/- രൂപ കാണിച്ചിട്ടുണ്ട്. പ്രസ്തുത തുക ചെലവായി രേഖപ്പെടുത്തിയിട്ടില്ല. Cheque Deposited But Not Cleared ആയി ഉൾപ്പെടുത്തിയിട്ടുള്ള 9548/-രൂപയിൽ 31.3.24 ലെ 215/- രൂപയും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത തുക Receivables ആയി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-4 Directly Credited By Bank ആയി ചേർത്ത തുകകൾ ക്രമീകരിച്ചില്ല

എസ്.ബി.എ പി.ഒ.എസ് ക്യൂആർ കോഡ് അക്കൌണ്ടിന്റെ ബാങ്ക് റീക്കൺസീലിയേഷൻ പത്രിക പ്രകാരം Directly Credited By Bank ആയി 43/- രൂപ, Cheque Deposited But Not Cleared ആയി 426/- രൂപ എന്നിങ്ങനെ കാണുന്നു. ആയത് നാളിതുവരെയും പൊരുത്തപ്പെടുത്തിയിട്ടില്ല.

### 1-1-5 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തുനികുതി, തൊഴിൽ നികുതി എന്നിവയുടെ ലെഡ്ജറുകളിൽ സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. 17.10.24, 31.3.25 എന്നീ തീയതികളിൽ മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയത്.

### 1-1-6 സി.എസ്.സി. (ടൈഡ് ഫണ്ട് )തനത് ഫണ്ടിൽ നിക്ഷേപിച്ചു.

പ്രൊജക്റ്റ് നമ്പർ 231/25 പ്രകാരം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും തിരികെ ലഭിച്ച സി.എഫ്.സി ടൈഡ് ഫണ്ട് 88,250/- രൂപ തനത്ഫണ്ടിൽ നിക്ഷേപിച്ചത് തിരികെ അടവാക്കിയിട്ടില്ല.

### 1-1-7 ധനകാര്യകമ്മീഷൻ ഗ്രാന്റ് ബാലൻസ് ഷീറ്റ് ബി4 നീക്കിയിരിപ്പ് ബി 17 ലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് ബി4 320200104,320200113 ഹെഡ് പ്രകാരമുള്ള നീക്കിയിരിപ്പും (32,42,841 + 66,98,845 = 99,41,686) ബി 17 പ്രകാരം അക്കൌണ്ടിലെ ആകെ നീക്കിയിരിപ്പും (1,00,71,022/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-8 ഇ ടെണ്ടർ ഫീ വരവ് വന്നിട്ടില്ല

ഇ-ടെണ്ടർ ഫീ ഇനത്തിൽ 31.3.25 ൽ എ.ഇ യുടെ അക്കൌണ്ടിലുള്ള നീക്കിയിരിപ്പ് തുക 1,40,094/- രൂപ (A/C No.37549236268, SBI.Balussery) വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറുകയോ ചെയ്തിട്ടില്ല. 1-1-9, 1-1-10 AIMS-ൽ ഉൾപ്പെടുത്തി.

### 1-1-9 നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക ശരിയായി അക്കൌണ്ട് ചെയ്തില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രവൃത്തികളിൽ കെഎസ്.ഇ.ബി,കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ ഏജൻസികൾക്ക് കൈമാറിയ തുകകളുടെ ചെലവ്

വാർഷിക കണക്കിൽ അഡ്വാൻസ് ഹെഡിൽ പ്രതിഫലിച്ചിട്ടില്ല.

## 1-1-10 പെർമിറ്റ് ഫീസ് വരവ്-വാർഷിക കണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരം RP -4 പ്രകാരം Permit Fee For Construction Of Buildings, Fee For Building Regulation ,Application Fee യഥാക്രമം 2414799/-, 1564306/-,249340/- വരവ് തുകയും പെർമിറ്റ് രജിസ്റ്റർ പ്രകാരം ഇത് യഥാക്രമം 1988905/- ,1273354/-,233890/- എന്നിങ്ങനെയാണ്.

## 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 9.02.2024 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27.02.2025 തീയതിയിലെ 3(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്-ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 74,03,299 |
| വരവ് | 41,51,14,640 |
| ആകെ | 42,25,17,939 |
| ചെലവ് | 41,97,24,432 |
| നീക്കിയിരിപ്പ് | 27,93,507 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,79,12,369 |
| വരവ് | 6,51,11,939 |
| ആകെ | 10,30,24,308 |
| ചെലവ് | 7,44,55,298 |
| നീക്കിയിരിപ്പ് | 2,85,69,010 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,39,51,000 | 2,39,51,000 | 2,39,51,000 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 79,32,000 | 79,32,000 | 73,09,010 | 6,22,990 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 18,64,000 | 18,64,000 | 15,52,996 | 3,11,004 |
| മെയിന്റനൻസ്, റോഡ് | 0 | 1,88,90,000 | 1,88,90,000 | 1,51,76,168 | 37,13,838 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 59,35,000 | 59,35,000 | 56,59,860 | 2,75,140 |
| സെൻട്രൽ ഫിനാൻസ് | 0 | 11,27,853 | | 7,23,947 | 4,03,906 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് - ടൈഡ്'(ട്രഷറി മുഖേന) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് (പി.എഫ്.എം.എസ് മുഖേന) | 73,76,120 | 86,48,000 | 1,60,24,120 | 93,25,275 | 66,98,845 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ-ടൈഡ്'(ട്രഷറി മുഖേന) | 0 | 88,463 | 88,463 | 0 | 88,463 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ-ടൈഡ് (പി.എഫ്.എം.എസ് മുഖേന) | 43,28,533 | 44,56,997 | 87,85,530 | 55,42,689 | 32,42,841 |

വാർഷിക കണക്ക് പ്രകാരമുള്ള വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട്(എസ്.സി.പി), മെയിന്റനൻസ് ഗ്രാന്റ്(റോഡ് ) എന്നിവയിലെ ചെലവ് തുക സുലേഖ ചെലവ് പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. (ഖ 1-9 കാണുക).

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 257 | 13,73,74,304 | 202 | 9,06,15,497 | 55 | 79% |

## 1-6 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 29.07.2025 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8,356/- രൂപ കാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു-നികുതി നഷ്ടം സംഭവിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ സംരംഭക ലൈസൻസ് രജിസ്റ്റർ പ്രകാരം 557 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ സംരംഭക ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ പരിശോധിച്ചപ്പോൾ, ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തുന്നതായും, ചില കെട്ടിടങ്ങൾ സഞ്ചയയിൽ

രേഖപ്പെടുത്തിയിട്ടില്ല എന്നതും ശ്രദ്ധയിൽപെട്ടു.ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. 1 മുതൽ 110 വരെയുള്ള സ്ഥാപനങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ പരിശോധിച്ചതിൽ ചുവടെ ചേർത്ത കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ വ്യത്യാസം ഉള്ളതായി കാണുന്നു.

| ഡി&ഒ ലൈസൻസ് രജിസ്റ്ററിലെ അപേക്ഷ നമ്പർ, അപേക്ഷകന്റെ പേര് | രജിസ്റ്റർ പ്രകാരം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരം | വാർഡ്/ കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|---|
| 1/24-25 മോഹനൻ | പലവ്യഞ്ജനകച്ചവടം | 19/246 | വിശ്വനാഥൻ | പാർപ്പിടാവശ്യം |
| 13/24-25 എൻ.കെ. ശ്രീധരൻ | അതുല്യ ഹോമിയോ ക്ലിനിക് | 1/25 | കുഞ്ഞമ്മദ് | പാർപ്പിടാവശ്യം |
| 28/24-25 സുനിൽ കുമാർ | അമ്യൂസ് ഫാൻസി | 16/582 | ജാനകിയമ്മ | പാർപ്പിടാവശ്യം |
| 29/24-25 സലീന | മമത ബേക്കറി | 16/622 | മൊയ്തീൻ കുട്ടി | പാർപ്പിടാവശ്യം |
| 33/24-25 പ്രീതിലാൽ | ലൈഫ് കെയർ ഡയഗ്നോസ്റ്റിക് ക്ലിനിക് | 5/474A,B | ------- | കെട്ടിടം നിലവിലില്ല |
| 35/24-25 അമ്മദ്.കെ | കാടങ്കി സ്റ്റോർ | 16/589C | ------- | കെട്ടിടം നിലവിലില്ല |
| 43/24-25 ഇമ്പിച്ചി മൊയ്തി | കെ.വി.ട്രേഡേഴ്സ് | 16/224 A,B | ------- | കെട്ടിടം നിലവിലില്ല |
| 49/24-25 രാജേഷ് | കേളി ട്രേഡേഴ്സ് | 5/458A | ------- | കെട്ടിടം നിലവിലില്ല |
| 56/24-25 ഷജിത്ത് | മെട്രോ ട്രേഡേഴ്സ് | 5/48L | --------- | കെട്ടിടം നിലവിലില്ല |
| 71/24-25 ഗംഗാധരൻ | പച്ചക്കറി വില്പന | 10/330 | നാരായണൻ നായർ | പാർപ്പിടാവശ്യം |
| 102/24-25 മോഹൻ. എൻ. വി | അഭിന ഫർണിച്ചർ നിർമ്മാണം | 13/283 B | ബാലകൃഷ്ണൻ | വ്യവസായാവശ്യത്തിനുള്ളവ - ലൈവ്സ്റ്റോക്ക് ഷെഡ് |
| 105/24-25 തെർവിസ്. കെ.എം | പലചരക്ക് കച്ചവടം | 15/248 | അഷറഫ് | പാർപ്പിടാവശ്യം |
| 107/24-25 | പഞ്ചവടി | 16/74 A | ജയദേവൻ | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| രഘൂത്തമൻ | ഫർണിച്ചർ നിർമ്മാണം | | | |
| 110/24-25 അനിൽ. വി | ആചാര്യ അക്കാദമി ആയുർവേദ ട്രെയിനിംഗ് സെന്റർ | 18/383 B,C | ശ്രീനാഥ് ഒ പി | വ്യവസായാവശ്യം കൈത്തൊഴിൽ ഷെഡ് |

ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി വാണിജ്യാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതായി ഇതിൽ നിന്നും വ്യക്തമാവുന്നു. വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പല കെട്ടിടങ്ങളുടെയും ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചപ്പോൾ കെട്ടിടം നിലവിലില്ല എന്നു രേഖപ്പെടുത്തിയിരിക്കുന്നു. ഇത് ഗ്രാമപഞ്ചായത്തിന് വസ്തുനികതിയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നതിന് കാരണമാകുന്നു. ലൈസൻസ് അപേക്ഷകളിൽ ഫീൽഡ് പരിശോധന കൂടുതൽ കാര്യക്ഷമമാക്കേണ്ടതും മേൽ പട്ടികയിൽ പരാമർശിച്ചവ ഉൾപ്പെടെ ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തി അത്തരം കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയവയുടെ നികതി പുനർനിർണ്ണയിക്കേണ്ടതും, ഇക്കാര്യത്തിൽ സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/24-25 തീ. 29.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-8 വസ്തുനികതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

വസ്തുനികതി പരിഷ്കരണവുമായി ബന്ധപ്പെട്ട 22/3/2023-ലെ സ.ഉ.(കൈ)നം.77/2023/തസ്വഭവ പ്രകാരം കെട്ടിടങ്ങളിലെ കൂട്ടിച്ചേർക്കലുകൾ, അനധികൃത നിർമ്മാണങ്ങൾ എന്നിവ കണ്ടെത്തുന്നതിനായി സിവിൽ ഡിപ്ലോമ, ITI ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ITI സർവ്വെയർ എന്നി യോഗ്യതകൾ ഉള്ളവരെ നിയോഗിച്ച് കൊണ്ട് പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് തല പരിശോധന 30/6/2023ന്പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (1/24-25 തീ. 26.07.2025) ന് മറുപടിയായി ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ആകെ 19 വാർഡുകളിൽ 6 വാർഡുകളുടെ (2409 കെട്ടിടങ്ങൾ) ഡാറ്റാ കളക്ഷൻ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. എന്നാൽ ഡാറ്റ എൻട്രി നടത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ ആയതിന് ക്രമീകരണം ലഭിച്ചിട്ടില്ലാത്തതിനാലാണ് ഡാറ്റ എൻട്രി നടത്താൻ സാധിക്കാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. വിവരശേഖരണം പൂർത്തിയാക്കിയത് അടിസ്ഥാനപ്പെടുത്തി 2023-24 സാമ്പത്തിക വർഷം 57,925/-രൂപ അനുവദിച്ചിട്ടുണ്ട്. സമയബന്ധിതമായി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ നികതിയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നു. ഡാറ്റാ കളക്ഷൻ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും എത്രയും വേഗം പൂർത്തീകരിച്ച് നികതി പരിഷ്കരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-9 സുലേഖ ചെലവ് പത്രികയിൽ ചെലവ് ഉൾപ്പെട്ടില്ല

വാർഷിക കണക്ക് പ്രകാരം വികസന ഫണ്ട് (ജനറൽ),വികസന ഫണ്ട്(എസ്.സി.പി), മെയിന്റനൻസ് ഗ്രാന്റ്(റോഡ്) എന്നിവയിലെ ചെലവ് തുക സുലേഖ ചെലവ് പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. കൂടാതെ വാർഷിക കണക്ക് പ്രകാരം സംയുക്ത പദ്ധതികൾക്കായി ലഭിച്ച ജില്ലാ,ബ്ലോക്ക് വിഹിതം സുലേഖ ചെലവ് പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം ചെയ്യു ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് പദ്ധതി(പ്രോജക്റ്റ് നമ്പർ 7/24-25) പ്രകാരം വികസന ഫണ്ട് (ജനറൽ) 6,97,700/- രൂപ തനത് ഫണ്ട് 94,467/- രൂപ ജില്ലാ,ബ്ലോക്ക് പഞ്ചായത്ത് വിഹിതം യഥാക്രമം 1,13,783/-രൂപ, 2,80,000/-രൂപ എന്നിവ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

എ.ഇ നിർവ്വഹണം ചെയ്യു പറക്കുന്നത്ത് കോളനി മണ്ണാറുകണ്ടി നടുവിലക്കണ്ടി റോഡ് പദ്ധതിയിൽ

എസ്.സി.പി ഫണ്ടിനത്തിൽ 46,823/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എസ്.സി.പി ഫണ്ടിലെ അടങ്കൽ- ചെലവ് വിവരങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട്(എസ്.സി.പി), മെയിന്റനൻസ് ഗ്രാന്റ്(റോഡ്) എന്നിവയിലെ യഥാർത്ഥ ചെലവ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/24-25 തീയതി 29.7.25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്കുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-10 സ്ഥിരനിക്ഷേപത്തിന് വാഗ്ദാനം ചെയ്ത പലിശ ലഭിച്ചില്ല

സ്ഥാപനത്തിന്റെ സ്ഥിരനിക്ഷേപ രജിസ്റ്റർ പരിശോധിച്ചതിൽ കെ.ഡി.സി ബാങ്ക് നടുവണ്ണൂരിൽ ചുവടെ ചേർക്കും പ്രകാരം സ്ഥിരനിക്ഷേപമുള്ളതായി കാണുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | നിക്ഷേപ സർട്ടിഫിക്കറ്റ് നം. | നിക്ഷേപം പുതുക്കിയ തിയ്യതി | കാലയളവ് | വാഗ്ദാനം ചെയ്ത പലിശ | നിക്ഷേപിച്ച തുക | ലഭ്യമായ പലിശ |
|---|---|---|---|---|---|---|---|
| 1 | കെ.ഡി.സി ബാങ്ക് നടുവണ്ണൂർ | നം.- 165218801200077 | 29.09.2024 | 1 വർഷം | 7.25 % | 1,32,512 | 8,646 |
| 2 | കെ.ഡി.സി ബാങ്ക് നടുവണ്ണൂർ | നം.- 165218801200095 | 20.10.2024 | 1 വർഷം | 7.25 % | 30,470 | 2,110 |

മുകളിൽ രേഖപ്പെടുത്തിയ 2 സ്ഥിരനിക്ഷേപങ്ങളുടെയും ലഭ്യമാകേണ്ടിയിരുന്ന പലിശ യഥാക്രമം 9607/-,2209/- രൂപയായിരുന്നു. എന്നാൽ ബാങ്ക് പലിശ ഇനത്തിൽ ലഭ്യമാക്കിയ തുക യഥാക്രമം 8646/-, 2110/- രൂപയാണ്. ബാങ്ക് വാഗ്ദാനം ചെയ്ത നിരക്കിലുള്ള പലിശ ലഭിക്കാത്തത് മൂലം സ്ഥാപനത്തിന് 1060/- രൂപയുടെ നഷ്ടമുണ്ടായി.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/24-25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പലിശ ഇനത്തിൽ കുറവുണ്ടായ തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഫണ്ട്) തനത് ഫണ്ടിൽ നിക്ഷേപിച്ച

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 231/25 |
| അടങ്കൽ | 1,00,000 (സി.എഫ്.സി, ടൈഡ് ഫണ്ട്) |
| ചെലവ് തുക | 97,025 |
| ബിൽ സാങ്ഷൻ നമ്പർ/തിയതി | 332/11.09.24 |

ഗ്രാമപഞ്ചായത്ത് വക എം.സി.എഫിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനാണ് പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്. സെക്രട്ടറിയുടെ 31.05.24 ലെ എസ്.സി1-3237/2024 നമ്പർ കത്ത് പ്രകാരം കിണർ

നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ആവശ്യപ്പെട്ടുകൊണ്ട് ഭൂജല വകുപ്പ് ജില്ലാ ഓഫീസർക്ക് കത്ത് നൽകുകയും ഭൂജല വകുപ്പിന്റെ 02.09.24 ലെ GW/KKD/ടി-608/24 നമ്പർ കത്തിലൂടെ പ്രവൃത്തിയ്ക്കുള്ള 97,025/- രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ആയത് പ്രകാരം തുക അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഭൂജല വകുപ്പിന്റെ 22.11.24 ലെ GW/KKD/608/24 നമ്പർ കത്ത് പ്രകാരം പ്രസ്തുത കുഴൽ കിണർ നിർമ്മാണം ജല ലഭ്യത ഇല്ലാത്തതിനാൽ പരാജയപ്പെട്ടിട്ടുണ്ടെന്നും ഫൈനൽ ബിൽ പ്രകാരം തിരികെ ലഭിക്കാനുള്ള 88,250/- ലഭ്യമാക്കുന്നതാണ് എന്ന് അറിയിക്കുകയും തുടർന്ന് 11.12.24 ന് പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് തിരികെ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പദ്ധതി നടത്തിപ്പിലും തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിലും ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് 88,250/- രൂപ തിരികെ അടവാക്കിയിട്ടുള്ളത് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലാണ്. (കേരള ഗ്രാമീൺ ബാങ്ക് കുട്ടാലിട, അക്കൗണ്ട് നമ്പർ 40144101005464) പ്രസ്തുത തുക ധനകാര്യ കമ്മീഷൻ ഗ്രാന്റ് അക്കൗണ്ടിലേക്ക് തിരിച്ചടവാക്കിയിട്ടില്ല.

2. കുഴൽ കിണർ നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് അടവാക്കിയത് 97,025/- രൂപയാണ്. എന്നാൽ ഇതിൽ 8,775/- രൂപ കുറവ് ചെയ്ത് 88,250/- രൂപയാണ് തിരികെ ലഭിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലത്ത് കുഴൽ കിണർ നിർമ്മാണത്തിന് ഭൂജല പര്യവേഷണം നടത്തുകയും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ 24.05.24 ലെ GW/KKD/T-608/24 നമ്പർ കത്ത് മുഖേന പ്രസ്തുത സ്ഥലം കുഴൽ കിണർ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കിണർ നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് തുക അടവാക്കിയിട്ടുള്ളത്. എന്നാൽ പിന്നീട് ജല ലഭ്യത ഇല്ല എന്ന് സൂചിപ്പിച്ച് കത്ത് നൽകുകയും ഗ്രാമപഞ്ചായത്ത് അടവാക്കിയ തുകയിൽ നിന്ന് 8,775/- രൂപ കുറവ് ചെയ്യുകയുമാണുണ്ടായത്. തെറ്റായി തുക കുറവ് ചെയ്തത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി കത്തിടപാടുകൾ നടത്തിയിട്ടില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 2/24-25 തിയതി 28.07.25) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനവുമായി ബന്ധപ്പെട്ട് തെറ്റായി കുറവ് ചെയ്ത തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റ് പ്രസ്തുത അക്കൗണ്ടിലേക്ക് തിരികെ അടവാക്കി അറിയിക്കേണ്ടതുമാണ്.

## 1-12 പെയിൻ& പാലിയേറ്റീവ് കെയർ പദ്ധതി വാഹനവാടക -അധികം തുക നൽകി

പ്രോജക്റ്റ് നമ്പർ-2/24-25

നിർവ്വഹണം-മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

അടങ്കൽ-9,00,000(7,00,000(വികസന ഫണ്ട്(ജനറൽ)+2,00,000(തനത് ഫണ്ട്)

ചെലവ്-9,00,000(7,00,000(വികസന ഫണ്ട്(ജനറൽ)+2,00,000(തനത് ഫണ്ട്)

1)ബിൽ സാങ്ഷൻ നമ്പർ -497 ,19.12.24 തുക 215551/-

പെയിൻ& പാലിയേറ്റീവ് കെയർ പദ്ധതിയിൽ മേൽ ബിൽ പ്രകാരം വാഹനവാടക ഇനത്തിൽ രജീഷ് കുമാർ.വി.പി ഡ്രൈവറുടെ അക്കൗണ്ടിലേക്ക് ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ തുക 96,000/- രൂപ കൈമാറിയിട്ടുണ്ട്. വൗച്ചർ/ട്രിപ്പ് ഷീറ്റ് സമർപ്പിക്കാത്ത തീയതികളിലെ (18.8.2024,23.8.2024) വാഹന വാടകയും ഇതിൽ ഉൾപ്പെടുന്നു. പാലിയേറ്റീവ് കെയറിന്റെ ഗൃഹസന്ദർശന രജിസ്റ്റർ പ്രകാരം 18.8.2024, 23.8.2024 തീയതികളിൽ ഗൃഹസന്ദർശനം നടത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ദിവസങ്ങളിൽ അധിക തുക (1200 X 2 = 2400/-രൂപ) അനുവദിച്ചിട്ടുണ്ട്. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 19/24-25 തീയതി 29.7.25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹനവാടക ഇനത്തിൽ അധികം അനുവദിച്ച 2400/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 സാനിട്ടറി പാഡ് ഡിസ്പോസർ – ഉപയോഗക്ഷമമാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 185/24-25 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 1,00,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക | ബിൽ പ്രൊസീഡിങ്ങ്സ് നമ്പർ/ തിയതി |
| 87970 | 860/01.02.25 |

എം.സി.എഫിലും ഗ്രാമപഞ്ചായത്തിന്റെ ഘടക സ്ഥാപനമായ കോട്ടൂർ എഫ്.എച്ച്.സി. യിലും സാനിട്ടറി പാഡ് ഡിസ്പോസർ സ്ഥാപിക്കുന്നതാണ് പദ്ധതി. ആയത് പ്രകാരം ഡബിൾ ചേമ്പറിലുള്ള 2 സാനിട്ടറി പാഡ് ഡിസ്പോസറുകൾ ഒന്നിന് 43,985/- രൂപ നിരക്കിൽ കേരള സംസ്ഥാന വനിതാ വികസന കോർപറേഷനിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇതിനായി മേൽ ചേർത്ത പ്രകാരം 87,970/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുമുണ്ട്. എന്നാൽ ഓഡിറ്റിന്റെ ഭാഗമായി 28.07.25 ന് എം.സി.എഫ് സന്ദർശിച്ചതിൽ, നിലവിലുള്ള ബാത്ത്റൂമിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ ഡിസ്പോസർ ഫിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്ന് കണ്ടു.

കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷ വാർഷിക പദ്ധതിയിൽ പ്രസ്തുത പദ്ധതി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വനിതാ വികസന കോർപ്പറേഷൻ 13.11.24 ന് ലഭ്യമാക്കിയ KSWDC/P5/SHEPAD/2024-25 എന്ന കത്തിൽ, ഉപകരണത്തിന് ഒരു വർഷം എ.എം.സി ഉൾപ്പടെ 43,985/-ആണ് നിരക്കായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇതേ നമ്പറായി 28.11.24 ന് ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയിസിൽ ഒരു വർഷ വാറന്റിയാണ് ഓഫർ ചെയ്തിട്ടുള്ളത്. ആയതിനാൽ ഒരു വർഷ വാറന്റിയും എ.എം.സി.യും രണ്ടും ലഭ്യമാണോ എന്നത് വ്യക്തമല്ല. ഇത് സംബന്ധിച്ച് സ്ഥാപനവുമായി എഗ്രിമെന്റ് വെയ്ക്കുകയോ സ്ഥാപനം വാറന്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 22/24-25 തിയതി 29.07.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 43,985/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വൈദ്യുതി കണക്ഷൻ ലഭ്യമാക്കി നാപ്കിൻ ഡിസ്പോസർ ഉപയോഗ ക്ഷമമാക്കേണ്ടതും വാറന്റി സംബന്ധിച്ച് സ്ഥാപനവുമായി കരാറിലേർപ്പെട്ടതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതുമാണ്.

## 1-14 ഹോമിയോ ആശുപത്രിയിലേക്കുള്ള മുഴുവൻ മരുന്നുകളും ലഭിച്ചില്ല

ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രൊജക്ട് നം. | 121/25 |
| അടങ്കൽ | 150000 |
| ഫണ്ട് | എം.ജി (എൻ.ആർ) |
| ചെലവ് | 1,50,000 |
| ബിൽ നം.തി | 837/25/12.12.24 |

മരുന്നുകൾ ഹോംകോയിൽ നിന്ന് നേരിട്ട് വാങ്ങുകയാണുണ്ടായത്. ഇതിൽ 80,808 രൂപയുടെ മരുന്നുകൾ മാത്രമേ ഇതുവരെ ലഭിച്ചിട്ടുള്ളൂ. 69,192 രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. ഫയൽ പരിശോധിച്ചതിൽ ലഭിക്കാത്ത മരുന്നുകൾ ലഭ്യമാക്കാൻ മെഡിക്കൽ ഓഫീസർ ഹോംകോയ്ക്ക്

കത്തയച്ചതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/25/28.07.25) മറുപടി നൽകിയിട്ടില്ല. ലഭിക്കാനവശേഷിക്കുന്ന മുഴുവൻ മരുന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. 69,192 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-15 അങ്കണവാടി അനുപൂരക പോഷകാഹാരം - കേന്ദ്ര വിഹിതം വിനിയോഗിക്കുന്നതിൽ വീഴ്ച

അങ്കണവാടികളിൽ പോഷകാഹാര വിതരണത്തിനായി ലഭിക്കുന്ന കേന്ദ്ര വിഹിതം വിനിയോഗിക്കുന്നതിൽ പദ്ധതി വർഷം വീഴ്ചയുണ്ടായിട്ടുണ്ട്. ഈ ഇനത്തിൽ 2024-25 ലെ മുന്നിരിപ്പായി 27,13,779 രൂപയാണുണ്ടായിരുന്നത്. വരവ് 30,82,466 രൂപയും ഉൾപ്പെടെ ആകെ 57,96,245 രൂപ വരവുണ്ടായിരുന്നതിൽ 16,18,043 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഭൂരിഭാഗം തുകയും ചെലവഴിക്കാതെ അവശേഷിക്കുന്ന അവസ്ഥയാണുള്ളത്. പദ്ധതി വർഷം പോഷകാഹാര വിതരണത്തിനായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രൊജക്ട് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 13/25 | അങ്കണവാടി അനുപൂരക പോഷകാഹാരം | 37,00,000 | 33,18,043 |
| 56/25 | - ടി - | 6,00,000 | 5,84,502 |

ഈ രണ്ട് പദ്ധതികളും വികസന ഫണ്ട് ഉപയോഗിച്ചാണ് നടപ്പാക്കിയത്. 56/25 -ാം നമ്പർ പ്രൊജക്ടിൽ ആറ് ലക്ഷം രൂപ വകയിരുത്തിയത് എസ്.സി.പി ഫണ്ടിൽ നിന്നാണ്. വികസന ഫണ്ടിന്റെ ലഭ്യതക്കുറവു മൂലം നിരവധി പ്രൊജക്ടുകൾ പദ്ധതി വർഷം നടക്കാതെ പോയിട്ടുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഓഡിറ്റിനെ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ പട്ടികജാതി വികസനത്തിനുൾപ്പെടെ മറ്റ് പല മേഖലകളിലും ചെലവഴിക്കാമായിരുന്ന വികസന ഫണ്ടാണ് ഇവിടെ പോഷകാഹാര വിതരണത്തിനായി വിനിയോഗിച്ചത്. ആവശ്യത്തിന് കേന്ദ്ര വിഹിതമിനത്തിലെ തുക ലഭ്യമായിരിക്കെയാണ് ഇങ്ങനെ വികസന ഫണ്ട് വനിയോഗിച്ചിരിക്കുന്നത്. കേന്ദ്ര ഫണ്ട് വിനിയോഗിക്കുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/25/28.07.25) മറുപടി നൽകിയിട്ടില്ല. അങ്കണവാടി പോഷകാഹാര വിതരണത്തിന്റെ കാര്യത്തിൽ കേന്ദ്ര വിഹിതമിനത്തിൽ ലഭിക്കുന്ന തുക വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-16 വീട് വാസയോഗ്യമാക്കൽ പദ്ധതി - എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഗുണഭോക്താക്കൾക്ക് ബാധ്യതയാകുന്നു

പദ്ധതി വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ വീട് വാസയോഗ്യമാക്കൽ പദ്ധതിക്കായി മൂന്ന് പ്രൊജക്ടുകളാണ് നടപ്പാക്കിയത്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | വീട് വാസയോഗ്യമാക്കൽ അതിദാരിദ്ര്യം | 1,00,000 | 50,000 |
| 2 | വീട് വാസയോഗ്യമാക്കൽ എസ്.സി | 11,25,000 | 10,50,000 |
| 3 | വീട് വാസയോഗ്യമാക്കൽ എസ്.ടി | 12,00,000 | 11,25,000 |

സ.ഉ (കൈ) നം.115/22/തസ്വഭവ .തി.28.05.22 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ. ഖ.6-7- 4 പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ഓവർസിയർ സാക്ഷ്യപ്പെടുത്തിയാൽ മതിയെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ പദ്ധതിയിലെ മുഴുവൻ ഗുണഭോക്താക്കളും ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാരെക്കൊണ്ട് (LBS) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നു. ഇങ്ങനെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഗുണഭോക്താക്കൾ തുക ചെലവഴിക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾ ഇത് മൂലം

പ്രയാസമനുഭവിക്കേണ്ടി വരുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി എൽ.ബി.എസ്സുമാരെക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/25/28.07.25) മറുപടി നൽകിയിട്ടില്ല. ഗുണഭോക്താക്കൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഹെൽപ് ഡെസ്ക് സ്ഥാപിച്ച് സഹായം നൽകുന്നത് പരിഗണിക്കാവുന്നതാണ്. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 കുടിവെള്ള വിതരണം – കരാറുകാരന് അധിക തുക അനുവദിച്ചു

| പ്രൊജക്റ്റ് നമ്പർ | 23/25 |
|---|---|
| അടങ്കൽ | 7,70,000 ( 409133/-വികസന ഫണ്ട്<br>3,60,867/- തനതു ഫണ്ട് ) |
| ചെലവ് തുക | ബിൽ സാങ്ഷൻ നമ്പർ/തിയതി |
| 3,18,273<br>4,09,133 | 364/04.10.24<br>453/12.12.24 |

ഗ്രാമപഞ്ചായത്തിന്റെ വരൾച്ചാ ബാധ്യത പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതാണ് പ്രൊജക്റ്റ്. ഇതിനായി ടെണ്ടർ ക്ഷണിച്ചതിൽ നാല് ടെണ്ടർ ലഭിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.അർജ്ജുൻ.എ.എസ് എന്നയാളുടെ 4000 ലിറ്റർ വിതരണം ചെയ്യുന്നതിന് കി.മീറ്ററിന് 100/- രൂപ എന്ന നിരക്ക് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കുടിവെള്ള വിതരണത്തിനായി വാഹനം ആകെ 7274.060 കി.മീറ്റർ ഓടിയതിന് കി.മീറ്ററിന് 100/- രൂപ നിരക്കിൽ 7,27,406/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിലും തുക വിതരണം ചെയ്തതിലും ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. തുക നൽകിയതിൽ, കരാറുകാരൻ വാഹനം ഓടിയതായി ലഭ്യമാക്കിയ ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയതിനെക്കാളും കൂടുതൽ തുക കരാറുകാരന് അനുവദിച്ചതായി കാണുന്നു.

| തിയതി | ട്രിപ്പ് ഷീറ്റ് പ്രകാരം രേഖപ്പെടുത്തിയ കി.മീറ്റർ | ജി.പി.എസ് പ്രകാരമുള്ള കി.മീറ്റർ | അനുവദിച്ചത് | അധികം |
|---|---|---|---|---|
| 10.04.24 | 69 | 91.72 | 91.72 | 22.72 |
| 26.04.24 | 80 | 93.79 | 93.79 | 13.79 |
| 05.05.24 | 116 | 121.16 | 121.16 | 5.16 |
| 21.05.24 | 125 | 130.60 | 130.60 | 5.6 |
| | | | ആകെ അധികം | 47.27 കി.മീ |

കി.മീറ്ററിന് 100/- രൂപ നിരക്കിൽ 47.27 കി.മീറ്ററിന് അധികമായി 4,727/- രൂപ കരാറുകാരന് അനുവദിച്ചു.

2. മേൽ പദ്ധതി പ്രകാരം വിതരണം നടത്തിയ കടിവെള്ളത്തിന്റെ സ്രോതസ് ഉറപ്പാക്കിയിട്ടില്ല. മേൽ കാലയളവിൽ വരൾച്ച ബാധിച്ച വിവിധ വാർഡുകളിലായി കടിവെള്ളം വിതരണം ചെയ്യുന്നതിന് കരാറുകാരൻ എവിടെ നിന്നാണ് കടിവെള്ളം ശേഖരിച്ചത് എന്നതിന്റെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 3/24-25 തിയതി 28.07.25) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ 4,727/- രൂപ കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 അങ്കണവാടികളിലെ വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ മാറ്റുന്നതിന് നടപടി സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 32 അങ്കണവാടികളാണുള്ളത്. ഇവയിൽ ഇപ്പോൾ ഉപയോഗിച്ച് കൊണ്ടിരിക്കുന്നത് വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷനുകളാണ്. വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ ഉപയോഗിക്കുന്നതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നുണ്ട്. നിലവിൽ വാണിജ്യാവശ്യത്തിനുള്ള സിലിണ്ടറുകൾക്ക് 2200 രൂപ വരെ വിലയുണ്ട്. എന്നാൽ ഗാർഹികാവശ്യത്തിനുള്ള സിലിണ്ടറുകൾക്ക് 860 രൂപ മാത്രമേ വരികയുള്ളൂ. മാത്രമല്ല വാണിജ്യാവശ്യത്തിനുള്ള സിലിണ്ടറുകൾക്ക് ഇടയ്ക്കിടെ വില വർധിച്ചുവരുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഈ സാഹചര്യത്തിൽ പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം പരിഗണിച്ച് അങ്കണവാടികളിലെ നിലവിലുള്ള വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ മാറ്റി ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07/25/28.07.25) മറുപടി നൽകിയിട്ടില്ല. അങ്കണവാടികളിലെ വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ മാറ്റി ഗാർഹികാവശ്യത്തിനുള്ള സിലിണ്ടറുകൾ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-19 കോറോത്ത് മല കടിവെള്ള പദ്ധതി - മോട്ടോർ മാറ്റി വെയ്ക്കൽ - അപാകത

| | |
|---|---|
| പ്രൊജക്ട് നമ്പർ | 173/24-25 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 2,00,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവു തുക | ബിൽ പ്രൊസീഡിങ്സ് നമ്പർ/ തിയതി |
| 1,91,893 | 860/28.03.25 |

കോറോത്ത് മല കടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനാണ് പ്രൊജക്ട് രൂപീകരിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ജില്ലാതല ഇലക്ട്രിക്കൽ പാനൽ അംഗീകരിക്കുകയും പ്രവൃത്തി നിർവ്വഹണം ശ്രീ.ആനന്ദൻ എന്ന കരാറുകാരനെ ഏല്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയ്ക്ക് സൂപ്പർ വിഷൻ ചാർജ് ഉൾപ്പടെ മുകളിൽ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1. ഇത്തരത്തിൽ ഒരു പ്രവൃത്തി ആവിഷ്കരിക്കാനുണ്ടായ സാഹചര്യം ഫയലിൽ നിന്ന് വ്യക്തമല്ല. കടിവെള്ള പദ്ധതി പ്രവർത്തിക്കാത്തത് സംബന്ധിച്ചോ മോട്ടോർ മാറ്റി സ്ഥാപിക്കുന്നതിനോ ഗുണഭോക്തൃ സമിതിയോ പദ്ധതിയുടെ ഗുണഭോക്താക്കളോ ആവശ്യപ്പെട്ടതായി കാണുന്നില്ല. പിന്നെ എന്തടിസ്ഥാനത്തിലാണ് പ്രൊജക്ട് രൂപീകരിച്ചത് എന്ന് വ്യക്തമല്ല.

2. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിലവിലെ മോട്ടോർ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയാണെന്നാണ് മനസിലാകുന്നത്. അങ്ങനെയെങ്കിൽ പഴയ മോട്ടോർ തിരികെ പഞ്ചായത്തിൽ ഏല്പിച്ചതിന്റെയോ ലേലം ചെയ്ത് വില്പന നടത്തിയതിന്റെയോ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. മോട്ടോർ മാറ്റി സ്ഥാപിട്ടിട്ടുണ്ടെന്നും പദ്ധതി നിലവിൽ പ്രവർത്തന ക്ഷമമാണെന്നും ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിങ് വിഭാഗവും ബന്ധപ്പെട്ട ഗുണഭോക്തൃ സമിതിയും സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പരാമർശിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 27/24-25 തീയതി 29.07.25) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 1,91,893/- രൂപ തടസ്സപ്പെടുത്തുന്നു. മോട്ടോർ സ്ഥാപിച്ചതിന്റെയും പ്രവർത്തനക്ഷമമാക്കിയതിന്റെയും റിപ്പോർട്ടുകൾ ലഭ്യമാക്കേണ്ടതാണ്.

## 1-20 എസ്.എസ്.കെ പദ്ധതി നിർവ്വഹണത്തിൽ ഗ്രാമ പഞ്ചായത്തിന്റെ പങ്കാളിത്തം കുറവ്

എസ്.എസ്.കെ പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രൊജക്ട് നം. | 24/25 |
| അടങ്കൽ | 10,00,000 |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 10,00,000 |
| ബിൽ നം.തി | 886/25/13.12.24 |

എസ്.എസ്.കെ ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്ററുടെ ബി.1247/2024/SSK/26.06.24 നമ്പർ കത്ത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ വിദ്യാഭ്യാസ മേഖലയിലെ പദ്ധതികളുമായി ബന്ധപ്പെട്ട് എസ്.എസ്.കെ ഗ്രാമപഞ്ചായത്തിന്റെ വിഹിതം ഇനത്തിൽ 1771200 രൂപ ആവശ്യപ്പെട്ടത് പ്രകാരമാണ് മേൽ തുക അടവാക്കിയിട്ടുള്ളത്.

സ.ഉ(കൈ) നം. 84/2022/തസ്വഭവ.തി.19.04.22 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ 8.6.(4)ൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ എസ്.എസ്.കെ പദ്ധതിക്ക് നൽകുന്ന തുകയുടെ വിനിയോഗം,ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ സംബന്ധിച്ച വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ പ്രൊജക്ട് ഓഫീസർ അറിയിക്കണം. ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പുവരുത്തണം. എന്നാൽ ഇത്തരത്തിലുള്ള പങ്കാളിത്ത പ്രവർത്തനങ്ങൾ ഈ മേഖലയിലെ പദ്ധതിയിൽ ഉണ്ടായിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് , പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങൾ പരിശോധിച്ച് വിലയിരുത്താതെ തുക നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.08/25/28.07.25) മറുപടി നൽകിയിട്ടില്ല. വിദ്യാഭ്യാസ മേഖലയിലെ പദ്ധതികളുടെ കാര്യത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ക്രിയാത്മക ഇടപെടലുകൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-21 കമ്പ്യൂട്ടറുകൾക്ക് എ.എം.സി - കൃത്യത ഉറപ്പുവരുത്താതെ തുക അടവാക്കുന്നു

| | |
|---|---|
| പ്രൊജക്ട് നമ്പർ | 15/24-25 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 1,00,000(70,000 -വികസന ഫണ്ട് 30,000- തനതു ഫണ്ട്) |
| ചെലവു തുക | ബിൽ പ്രൊസീഡിങ്സ് നമ്പർ/ തിയതി |
| 67,083 | 203/27.06.24 |

കമ്പ്യൂട്ടറുകൾക്ക് വാർഷിക പരിപാലനത്തിന് തുക നൽകുന്നതാണ് പ്രൊജക്ട്. ആയത് പ്രകാരം കെൽട്രോൺ എന്ന സ്ഥാപനവുമായി എഗ്രിമെന്റ് വെയ്ക്കുകയും സ്ഥാപനത്തിന്റെ 09.07.24 ലെ CLT/04622/24-25 നമ്പർ ഇൻവോയിസ് പ്രകാരം മേൽ തുക അടവാക്കുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം 02.07.24 മുതൽ 01.07.25 വരെ 18 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ പരിപാലിക്കുന്നതിനുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു ടെസ്ക് ടോപ്പ് കമ്പ്യൂട്ടറിന് 3,300/- രൂപ നിരക്കിൽ 18 എണ്ണത്തിന് 59,400/- രൂപയും ഡോക്യുമെന്റേഷൻ ചാർജ് 750/- രൂപയും ജി.എസ്.ടി 10223/- രൂപയും ഉൾപ്പടെയാണ് തുക അനുവദിച്ചിട്ടുള്ളത്.

എ.എം.സി നൽകിയതുമായി ബന്ധപ്പെട്ട് ഹാർഡ് വെയർ രജിസ്റ്റർ പരിശോധിച്ചതിൽ, പ്രസ്തുത രജിസ്റ്ററിൽ ഉപകരണത്തിന്റെ ഇനവും സ്പെസിഫിക്കേഷനും മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ എന്ന് കാണുന്നു. സപ്ലൈ ചെയ്ത തിയതി, സപ്ലൈ ചെയ്ത സ്ഥാപനത്തിന്റെ പേര്, വാറന്റി കാലയളവ് എന്നിവ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ നിലവിൽ എ.എം.സി വെച്ച മുഴുവൻ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളുടെയും വാറന്റി പിരീഡ് കഴിഞ്ഞതാണോ എന്നുറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല തൻവർഷം എ.എം.സി വെച്ചതിന്റെ വിശദാംശംവും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. പ്രസ്തുത രജിസ്റ്റർ സെക്രട്ടറി ഒപ്പ് രേഖപ്പെടുത്തി അധികൃതമാക്കിയിട്ടില്ല. പരിശോധിച്ച് വ്യക്തത വരുത്തി അറിയിക്കാൻ ആവ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 23/24-25 തിയതി 28.07.25) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകയുടെ അടിസ്ഥാനത്തിൽ ചെലവ് തുക 67,083/- രൂപ തടസ്സപ്പെടുത്തുന്നു. കമ്പ്യൂട്ടർ/ അനുബന്ധ ഉപകരണങ്ങൾ സപ്ലൈ ചേയ്ത തിയതി, സ്ഥാപനം, വാറന്റി പിരീഡ്, എ.എം.സി കാലയളവ് തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി എ.എം.സി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-22 ഡെപ്പോസിറ്റ് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

2024-25 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി വിവിധ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ/ പേര് | തുക | ബിൽ സാങ്ഷൻ നമ്പർ, തിയതി | അടവാക്കിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 184/25<br>തണ്ടപ്പുറം കടിവെള്ള പദ്ധതി സിംഗിൾ ഫേസ് 3 ഫേസ് ആക്കി മാറ്റൽ | 2,23,865/ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 362/ 04.10.24 | കെഎസ്.ഇ.ബി | കുട്ടാലിട ഇലക്ട്രിക്കൽ സെക്ഷൻ അസി.എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക കുട്ടാലിട കെ.എസ്.ഇ.ബിക്ക നൽകി. 01.10.24-ൽ കെ.എസ്.ഇ.ബി യുമായി എഗ്രിമെന്റ് വെച്ചെങ്കിലും പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 125/25<br>സ്ട്രീറ്റ് മെയിൻ | 15,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 754/ 17.03.25 | കെഎസ്.ഇ.ബി | 28.03.25 ന് ഇലക്ട്രിക്കൽ ഡിവിഷൻ, ബാലുശ്ശേരി, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ എഗ്രിമെന്റ് വെച്ചെങ്കിലും (വ്യവസ്ഥ 6 ആയി ഉൾപ്പെടുത്തിയെങ്കിലും തിയതി രേഖപ്പെടുത്തി തുക കുട്ടാലിട |

| | | | | | |
|---|---|---|---|---|---|
| | | | | | കെഎസ്.ഇ.ബി ക്ക നൽകി. 28.03.25 ന് കെഎസ്.ഇ.ബി യുമായി യിട്ടില്ല.) പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. |
| 3 | 182/25 ടേക്ക് എ ബ്രേക്ക്, കംഫർട്ട് സ്റ്റേഷൻ, എഫ്.എച്ച്.സി എന്നിവിടങ്ങളിൽ CCTV ക്യാമറകൾ സ്ഥാപിക്കൽ | 1,97,043/- (കേന്ദ്രാവിഷ്കൃതം) | 723/ 12.03.25 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക പ്രസ്തുത സ്ഥാപനത്തിൽ ഡെപ്പോസിറ്റ് ചെയ്തു. സ്ഥാപനവുമായി തുക കൈമാറൽ, പൂർത്തീകരണം എന്നിവ സംബന്ധിച്ച് എഗ്രിമെന്റ് വെച്ചിട്ടില്ല. |

പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 24/24-25 തീയതി 29.07.25) മറുപടി ലഭ്യമാക്കിയിട്ടില്ല. 19.04.22 ലെ സ.ഉ.(കൈ) നം.84/22/ത.സ്വ.ഭ.വ നമ്പർ പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.2.5(ഡി) പ്രകാരം ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക കൈമാറാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും പട്ടികയിലെ ക്രമ നം. 3 പ്രകാരം തുക നൽകിയത് സ്ഥാപനവുമായി എഗ്രിമെന്റ് വെയ്ക്കാതെയാണ്. ക്രമ നം.1,2, ആയി സൂചിപ്പിച്ച പ്രവൃത്തികൾക്ക് എഗ്രിമെന്റ് വെയ്ക്കുകയും പൂർത്തീകരണം സംബന്ധിച്ച നിബന്ധന ഉൾപ്പെടുത്തുകയും ചെയ്യെങ്കിലും പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. മേൽ മാർഗ്ഗരേഖയിൽ, ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്നും ഇത്തരം പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി ഡി.പി.സി. പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതാണെന്നും പരാമർശിക്കുന്നുണ്ടെങ്കിലും ഇത്തരം പ്രവർത്തനങ്ങളും നടത്തിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 19,20,908/- രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതികൾ പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-23 ഓഫീസ് നവീകരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ അക്രഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം

| | |
|---|---|
| പ്രൊജക്ട് നമ്പർ | 7/24 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 10,00,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവു തുക | ബിൽ പ്രൊസീഡിംഗ്സ് നമ്പർ/ തിയതി |
| 6,94,997 | 788/22.03.25 |

സർക്കാർ അംഗീകൃത ഏജൻസിയായ റബ്കോ മുഖേന ഗ്രാമപഞ്ചായത്തിലെ മീറ്റിങ്ങ് ഹാൾ, പ്രസിഡണ്ടിന്റെ കേബിൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ കേബിൻ എന്നിവയുടെ അടിസ്ഥാന സൌകര്യം വർദ്ധിപ്പിക്കുന്നതിനാണ് പ്രൊജക്ട് രൂപീകരിച്ചിട്ടുള്ളത്. 15.01.25 ലെ എസ്.സി- 44/2025 നമ്പർ കത്ത് മുഖേന റബ്കോ എന്ന് സ്ഥാപനത്തിന് പ്രവൃത്തി നടപ്പാക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകുകയും റബ്കോയുടെ 19.03.25 ലെ RHW/24/25/381 നമ്പർ ബില്ലിന്റെ അടിസ്ഥാനത്തിൽ 6,94,997/- രൂപ റബ്കോയ്ക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. മേൽ പ്രവൃത്തിയിൽ, മീറ്റിങ്ങ് ഹാൾ സ്റ്റേജ്, ചുവരിന്റെ രണ്ടു ഭാഗങ്ങൾ എന്നിവ വുഡ് പാനലിങ്ങ് ചെയ്യുന്ന പ്രവൃത്തിയും ഉൾപ്പെടുന്നു. റബ്കോയുടെ ബിൽ പ്രകാരം ഇവ യഥാക്രമം 10.27 $M^2$, 21 $M^2$, 5.50 $M^2$ എന്നീ അളവുകളിൽ ചെയ്തിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടത്തുന്നതിനുള്ള മാർഗ്ഗരേഖ GO(P) No. 67/21/Fin തിയതി 28.04.21 പ്രകാരം, മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനുള്ള എഞ്ചിനീയറിങ് വിങ് നിലവിലുള്ള സ്ഥാപനങ്ങൾ അപ്രകാരമാണ് പ്രവൃത്തികൾ നടപ്പാക്കേണ്ടതെന്നും അല്ലാത്ത പ്രത്യേക സാഹചര്യങ്ങളിൽ അക്രഡിറ്റഡ് ഏജൻസിയെ ഏല്പിക്കാവുന്നതാണെന്നും വ്യക്തമാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ എഞ്ചിനീയറിങ് വിങ്ങ് നിലവിലുണ്ടായിട്ടും പ്രവൃത്തി നിർവ്വഹണം അക്രഡിറ്റഡ് ഏജൻസിയെ ചുമതലപ്പെടുത്തിയതിനുള്ള പ്രത്യേക സാഹചര്യം പ്രൊക്യൂർമെന്റ് കമ്മിറ്റിയിലോ ഭരണസമിതിയിലോ ചർച്ച ചെയ്ത് തീരുമാനിച്ചതായി കാണുന്നില്ല.

2. മേൽ മാർഗ്ഗരേഖ പ്രകാരം പ്രവൃത്തിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കണം. എന്നാൽ റബ്കോ ലഭ്യമാക്കിയത് ഓരോ ഇനത്തിന്റെയും ആകെ അളവും ആയതിന്റെ നിരക്കും അടങ്ങിയ ബിൽ മാത്രമാണ്. മാത്രമല്ല അക്രഡിറ്റഡ് ഏജൻസി ചെയ്യുന്ന പ്രവർത്തികൾ നിലവിലുള്ള എഞ്ചിനീയറിങ് വിങ്ങ് ചെക്ക് മെഷർ ചെയ്യേണ്ടതാണ് എന്ന നിബന്ധനയും പാലിച്ചിട്ടില്ല. റബ്കോ ലഭ്യമാക്കിയ ബില്ലിന്റെ മാത്രം അടിസ്ഥാനത്തിലാണ് ബിൽ തുക അനുവദിച്ചത്.

3. ധനകാര്യ വകുപ്പിന്റെ 27.06.23 ലെ 63/23/Fin സർക്കുലർ പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മുഖേന പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ അക്രഡിറ്റഡ് ഏജൻസിയിൽ നിന്നും ഇ.എം.ഡി, പെർഫോർമൻസ് സെക്യൂരിറ്റി, അഡീഷണൽ പെർഫോർമൻസ് സെക്യൂരിറ്റി എന്നിവ ഈടാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും നിർവ്വഹണം നടത്തിയ ഏജൻസിയിൽ നിന്നും യാതൊരു തരത്തിലുള്ള സെക്യൂരിറ്റിയും ഈടാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ

അക്രഡിറ്റഡ് ഏജൻസി വഴി പദ്ധതി നടപ്പാക്കിയതിനും മറ്റ് അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 4/24-25 തീയതി 28.07.25) മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 6,94,997/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും ചെയ്ത അളവുകൾ എഞ്ചിനീയറിങ്ങ് വിഭാഗം പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-24 മണ്ണ് പരിശോധനയ്ക്കും സ്ട്രക്ചറൽ ഡിസൈനിങ്ങിനും തുക നൽകൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 294/25 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 5,00,000( തനതു ഫണ്ട് ) |
| ചെലവു തുക | ബിൽ പ്രൊസീഡിങ്സ് നമ്പർ/ തീയതി |
| 1,73,460 | 853/27.03.25 |
| 1,40,656 | 857/28.03.25 |

ഗ്രാമപഞ്ചായത്തിലെ കാരിപ്പാറ അംഗനവാടി, ആയുർവ്വേദ ഡിസ്പെൻസറി എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനും സോയിൽ ടെസ്റ്റ് നടത്തുന്നതിനുമായി മേൽ തുക കോഴിക്കോട് ഗവ. എഞ്ചിനീയറിങ് കോളേജിന് നൽകിയിട്ടുണ്ട്. തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | തുക |
|---|---|
| കാരിപ്പാറ അംഗനവാടി നിർമ്മാണം | 1,40,656 |
| ആയുർവേദ ഡിസ്പെൻസറി നിർമ്മാണം | 1,73,460 |

ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1. ചീഫ് എഞ്ചിനീയറുടെ 12.03.21 ലെ ഡി.ബി.6/8463/2020/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പൊതുമരാമത്ത് വകുപ്പിന്റെ ജി.ഒ(ആർ.ടി)241/2014/PWD തീയതി 17.02.14 ഉത്തരവ് എന്നിവ പ്രകാരം ഇൻവെസ്റ്റിഗേഷൻ നിരക്കുകൾക്കുള്ള എസ്റ്റിമേറ്റുകൾ പ്രൈസ് സോഫ്റ്റ് വെയർ മുഖാന്തിരമാണ് തയ്യാറാക്കേണ്ടതെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ സ്ഥാപനം ഡിസൈനിങ്ങിന്റെയും മണ്ണ് പരിശോധയുടെയും എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കാതെ ഓരോ ഇനത്തിനും നിശ്ചിത നിരക്ക് രേഖപ്പെടുത്തുകയാണ് ചെയ്തത്. ഗ്രാമപഞ്ചായത്ത്, എഞ്ചിനീയറിങ് കോളേജിന്റെ റിപ്പോർട്ടിന്റെയും ഇത്തരത്തിൽ തയ്യാറാക്കിയ ബില്ലിന്റെയും അടിസ്ഥാനത്തിൽ തുക നൽകുകയാണുണ്ടായത്.

2. ജി.ഒ(ആർ.ടി) 2049/14/ LSGD തീയതി 07.08.14 ഉത്തരവ് പ്രകാരം സ്ട്രക്ചറൽ ഡിസൈനിങ്ങിനുള്ള കൺസൾട്ടൻസി ഫീസിന്റെ ആകെ തുക എസ്റ്റിമേറ്റ് തുകയുടെ 2.33% ൽ അധികരിക്കരുതെന്നും വ്യക്തമാക്കുന്നുണ്ട്. രണ്ട് പ്രവൃത്തികളുടെയും നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ കൺസൾട്ടൻസി ഫീസിനത്തിൽ നൽകിയ തുക ഉത്തരവിലെ നിരക്ക് പ്രകാരമാണോ എന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. രണ്ട് പ്രവൃത്തികൾക്കും 2025-26 വാർഷിക പദ്ധതിയിൽ നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കാനും സർക്കാർ നിർദ്ദേശം പാലിക്കാതെ സ്ഥാപനത്തിന് തുക നൽകിയതിന് മറുപടി ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിസ്റ്റ് (ഓഡിറ്റ് എൻക്വയറി നം. 25 /24-25 തിയതി 29.07.25)മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ തുക ചെലവ് ചെയ്തതിനാൽ ചെലവ് തുക 3,14,116/- രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ പരിശോധിച്ച് ഇയിനത്തിൽ അധിക തുക നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-25 കമ്പ്യൂട്ടർ/അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- ഹാർഡ് വെയർ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല

തൻവർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കമ്പ്യൂട്ടർ / കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ പർച്ചേസുമായി ബന്ധപ്പെട്ട് രൂപീകരിച്ച പ്രൊജക്റ്റുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

I

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 80/25 |
| അടങ്കൽ | 1,00,000 ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് തുക | ബിൽ സാങ്ഷൻ നമ്പർ/തിയതി |
| 47,552 | 724/12.03.25 |

II

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 266/25 |
| അടങ്കൽ | 138049/- ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് തുക | ബിൽ സാങ്ഷൻ നമ്പർ/തിയതി |
| 37,490 | 725/12.03.25 |

ക്രമ നമ്പർ I പ്രകാരം ഒരു ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറും ക്രമ നം. II പ്രകാരം ഒരു പ്രിന്ററുമാണ് വാങ്ങിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചുവരുന്ന ഹാർഡ് വെയർ രജിസ്റ്റർ പരിശോധിച്ചതിൽ, മേൽ ഉപകരണങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല എന്ന് കാണുന്നു. പരിശോധിച്ച് വ്യക്തത വരുത്തി അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിസ്റ്റ് (ഓഡിറ്റ് എൻക്വയറി നം. 26/24-25 തിയതി 28.07.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ, രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്താത്തത് ഉപകരണങ്ങളുടെ തുടർന്നുള്ള പരിപാലനത്തിലും അനാവശ്യമായി തുക ചെലവ് ചെയ്യുന്നതിനും ഇടയാക്കുന്നു. മേൽ പരാമർശിച്ചവ ഹാർഡ് വെയർ രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-26 പൊതു ഇടങ്ങളിൽ ബിന്നുകൾ സ്ഥാപിക്കൽ – അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് | 59/24-25, പൊതു ഇടങ്ങളിൽ ബിന്നുകൾ സ്ഥാപിക്കൽ |
| അടങ്കൽ | 1,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 99,000/- ( ബിൽ നം. 760/24-25 തീയതി 18.03.2025) |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അവിടനല്ലൂർ സർക്കിൾ |

മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നത് നിരുൽസാഹപ്പെടുത്തുന്നതിനായി പൊതു ഇടങ്ങളിൽ പ്ലാസ്റ്റിക്ക് വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ട് ആവിഷ്കരിച്ച മേൽ പ്രൊജക്റ്റ്

പ്രകാരം കോട്ടൂർ ഗ്രാമപഞ്ചായത്തിലെ വിവിധ അങ്ങാടികളിലായി ആകെ 45 ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. AMTEK Solutions, മണ്ണാർക്കാട്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് GeM മുഖേനയാണ് ബിന്നുകൾ വാങ്ങിയിട്ടുള്ളത്. GeM ൽ നിന്നുള്ള വില താരതമ്യപത്രിക, കോൺട്രാക്റ്റ് (നം. GEMC-511687740415707 തീയതി 01.02.2025) എന്നിവ പ്രകാരം PUSHKAR ബ്രാന്റിലുള്ള HDPE 60 Litre Foot Operated Bio-Medical Waste Collection Bin ആണ് പൊതു ഇടങ്ങളിൽ സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ആയതിന്റെ വില ബിൻ ഒന്നിന് 2,200/- രൂപയാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുറ്റ്സ് പരിശോധിച്ചതിൽ മേൽപ്പറഞ്ഞ വാങ്ങൽ നടപടി കമ്മിറ്റി അംഗീകരിച്ചതായി കാണുന്നില്ല.

വില താരതമ്യപത്രിക, കോൺട്രാക്റ്റ് എന്നിവയിൽ സൂചിപ്പിച്ച ബിന്നുകൾക്ക് പകരം ARISTO ബ്രാന്റിലുള്ള Dome Lid Waste Bin ആണ് പൊതുഇടങ്ങളിൽ സ്ഥാപിച്ചിരിക്കുന്നതിനായി വിതരണ സ്ഥാപനം സപ്ലൈ ചെയ്തിട്ടുള്ളത്. പ്രസ്തുത ബിന്നുകളുടെ വില എത്രയാണ് എന്ന് വ്യക്തമല്ല. HDPE 60 Litre Foot Operated Bio-Medical Waste Collection ബിന്നുകളുടെ വിലയായ 2,200/- രൂപ തന്നെയാണ് പ്രസ്തുത ബിന്നുകൾക്കും സ്ഥാപനം ഈടാക്കിയിട്ടുള്ളത്. സ്ഥാപനം നൽകിയിട്ടുള്ള ഇൻവോയ്സിലാകട്ടെ (ഇൻവോയ്സ് നം. 74/ 25.02.25) വിതരണം ചെയ്യുന്ന ബിന്നുകളുടെ നിർമ്മിതി സംബന്ധിച്ച വിശദാംശങ്ങളൊന്നും രേഖപ്പെടുത്തിയിട്ടുമില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/2024-25 തീയതി 29.07.2025) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 99,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-27 ക്ലീൻ കോട്ടൂർ ഗ്രീൻ കോട്ടൂർ – തിരസ്കൃതമാലിന്യം കയ്യൊഴിയുന്നതിലെ അപാകതകൾ

ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന അജൈവമാലിന്യങ്ങളിൽ നിന്ന് വേർതിരിക്കുന്ന തിരസ്കൃതമാലിന്യം കയ്യൊഴിയുന്നതിനായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (അവിടനല്ലൂർ സർക്കിൾ) നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്റ്റുകൾ പ്രകാരം 2024-25സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ആകെ 7,11,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | 1 | 2 |
|---|---|---|
| പ്രൊജക്റ്റ് | SO 155/24-25, ക്ലീൻ കോട്ടൂർ ഗ്രീൻ കോട്ടൂർ | 279/24-25, ക്ലീൻ കോട്ടൂർ ഗ്രീൻ കോട്ടൂർ -2 |
| അടങ്കൽ | 7,16,793/- ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | 5,00,000/- ( 90,179 - ധനകാര്യ കമ്മീഷൻ ഗ്രാന്റ് 4,09,821 – തനതു ഫണ്ട് ) |
| ചെലവ് | 3,50,000/- ( ബിൽ നം. 239/24-25 തീയതി 24.07.2024) | 3,61,000/- (86,900- ബിൽ നം. 761/24-25 തീയതി 18.03.23 2,74,100- ബിൽ നം. 762/24-25 തീയതി 18.03.23) |

പ്രൊജക്റ്റ് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ക്ലീൻ കേരള കമ്പനിയാണ് ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫിൽ നിന്ന് തിരസ്കൃതമാലിന്യം നീക്കം ചെയ്തു വരുന്നത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ക്ലീൻ കേരള കമ്പനിയും തമ്മിലുള്ള 08.07.2021ലെ കരാർ ഉടമ്പടി പ്രകാരം കിലോ ഗ്രാമിന് 10/- രൂപ ഈടാക്കിയാണ് ക്ലീൻ കേരള കമ്പനി മാലിന്യം നീക്കം ചെയ്യുന്നത്. കരാർ ഉടമ്പടിയിൽ കരാർ കാലാവധി വ്യക്തമാക്കിയിട്ടില്ല. നാലു വർഷം മുൻപുള്ള കരാർ കാലോചിതമായി പരിഷ്കരിക്കുന്നതിനോ, നിരക്കിൽ കുറവു വരുത്തുന്നതിനോ, നിരക്ക കുറഞ്ഞ

സേനവദാതാക്കളെ കണ്ടെത്തുന്നതിനോ ഉള്ള ശ്രമങ്ങൾ ഗ്രാമപഞ്ചായത്ത് നാളിതുവരെ കൈക്കൊണ്ടിട്ടില്ല.

2. ഗ്രാമപഞ്ചായത്തിന്റെ പദ്ധതിപണത്തിൽ നിന്ന് വലിയ തുക ചെലവഴിച്ചാണ് നിലവിൽ തിരസ്കൃത മാലിന്യം കയ്യൊഴിഞ്ഞു വരുന്നത്. വീടുകളിൽ നിന്നും കടകളിൽ നിന്നും ശേഖരിക്കുന്ന തിരസ്കൃതമാലിന്യത്തിന് യൂസർഫീക്ക് പുറമേ പ്രത്യേകം തുക ഈടാക്കുന്നതിനും, അതുവഴി തിരസ്കൃതമാലിന്യ നിർമ്മാർജ്ജനത്തിനുള്ള മുഴുവൻ ബാധ്യതയും വഹിക്കുന്നതിന് ഹരിതകർമ്മസേനയെ പ്രാപ്തമാക്കുന്നതിനും ആവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/2024-25 തീയതി 29.07.2025) മറുപടി ലഭിച്ചിട്ടില്ല. തിരസ്കൃത മാലിന്യം കയ്യൊഴിയുന്നത് സംബന്ധിച്ച കരാർ ടെണ്ടർ നടപടികൾ മുഖേന കാലോചിതമായി പരിഷ്കരിക്കുന്നതിനും, മാലിന്യനീക്കവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിനുള്ള സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിനുമുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ എല്ലാ പുതിയ/സംരക്ഷണ റോഡ് പ്രവൃത്തികളിലും MSS നിർവ്വഹിച്ചിരിക്കുന്നത് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ലെന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് |
|---|---|
| 1 | SO 212/24-25 ചെങ്ങോട്ട്മല എസ്.റ്റി കോളനി റോഡ് |
| 2 | SO 205/24-25 അക്കര മുണ്ട്യാടി എൻ.എച്ച്.എസ് റോഡ് |
| 3 | SO 210/24-25 ചെങ്ങോട്ടുമല ആവിലക്കണ്ടി റോഡ് |
| 4 | SO 204/24-25 ഒറവള്ളൂർ ഹെൽത്ത് സെന്റർ റോഡ് |
| 5 | SO 195/24-25 നങ്ങാറത്ത് മുക്ക് ഇല്ലത്തുകനി റോഡ് |
| 6 | 58/25-25 കോട്ടൂർ ബസ്സ്റ്റോപ്പ് പുതിയപുരം റോഡ് |
| 7 | SO 209/24-25 തിരുവോട് എടത്തിൽ അമ്പലം റോഡ് |
| 8 | SO 218/24-25 ചെടിക്കളം നരയംകളം റോഡ് |
| 9 | 68/24-25 ചെടിക്കളം നരയംകളം റോഡ് |
| 10 | SO 149/24-25 തൃക്കുറ്റിശ്ശേരി കുട്ട്യേക്കണ്ടി മാസ്റ്റർ റോഡ് നവീകരണം |
| 11 | 48/24-25 കന്നത്ത് മുക്ക് വെളിലോട്ട് താഴെ റോഡ് |
| 12 | 75/24-25 തൃക്കുറ്റിശ്ശേരി പാവുക്കണ്ടി കന്നാമ്മൽ പൊയിൽ റോഡ് |

റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തിയ പേവിംഗ് ഇനം മിക്സഡ് സീൽ സർഫസ് (മാന്വൽ മീൻസ്) ആണ്. മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനമാണിത്. മോർഡ് സ്പെസിഫിക്കേഷനിലെ ഇനം 509 (Item Number 509) അടിസ്ഥാനപ്പെടുത്തിയാണ് ഇത് തയ്യാറാക്കിയതെന്ന് ഡാറ്റാബുക്കിൽ നിന്നും വ്യക്തമാകുന്നു. 20 Mm സെമി ഡെൻസ് ബിറ്റുമിനസ് കോൺക്രീറ്റ് പേവിംഗ് നിർമ്മിതി പ്രതിപാദിക്കുന്ന ഇനമാണിത്. MSS പോലെ തന്നെ ഇതിന്റെ സ്പ്രെഡ്ഡിംഗും (Material Spreading Or Laying) നിർവ്വഹിക്കേണ്ടത് മെക്കാനിക്കൽ പേവർ (Self Propelled Hydraulic Paving Machine) ഉപയോഗിച്ചാണെന്ന് ഇനം 509.5.4.3 വ്യക്തമാക്കുന്നു. എന്നാൽ റോഡിന്റെ നിർമ്മിതിയിൽ എവിടെയെങ്കിലും മെക്കാനിക്കൽ പേവർ പ്രവർത്തിപ്പിക്കാൻ കഴിയാത്ത വിധം സ്ഥലപരമായ പരിമിതികളോ, ഇടുങ്ങിയ വീതിയോ (Narrow Width) ഉണ്ടെങ്കിൽ, അനായോജ്യമായ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി പരിശീലനം സിദ്ധിച്ച തൊഴിലാളികളെ ഉപയോഗിച്ച് സ്പ്രെഡ്ഡിംഗ് നടത്താമെന്ന് ഇതേ ഇനത്തിന്റെ അവസാന ഭാഗത്ത് പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ മാത്രം

ഉപയോഗപ്പെടുത്താനാണ് മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനം തയ്യാറാക്കിയതെന്ന് മേല്പറഞ്ഞ വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു.

എന്നാൽ സ്ഥാപനത്തിലെ മേല്പറഞ്ഞ റോഡുകൾ പൂർണ്ണമായും ബിറ്റുമിൻ പേവിംഗ് നടത്തിയിരിക്കുന്നത് ഈ ഇനം ഉപയോഗപ്പെടുത്തിയാണ്. ഇത്തരത്തിലുള്ള അശാസ്ത്രീയ നിർമ്മിതിയിൽ ആവശ്യത്തിന് മെറ്റീരിയൽ ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ റോഡിന്റെ ആയുസ്സിനെയും (Durability), നിമ്നോന്നതയുടെ (Undulations) ടോളറൻസ് (Tolerance) പരിമിതമാണെന്ന് ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ ഗുണമേന്മയേയും ഈ നിർമ്മിതി പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്. യഥാർത്ഥത്തിലുള്ള മിക്സഡ് സീൽ സർഫസിംഗ് (MSS Mechnical) രീതി ഗ്രാമപഞ്ചായത്തുകളിലെ റോഡുകളിൽ അവലംബിക്കാത്തതിന് കാരണമായി ഉയർത്തിക്കാട്ടുന്നത് പഞ്ചായത്തുകളിലെ ചെറിയ റോഡുകളിൽ പേവർ ഉപയോഗിക്കാൻ കഴിയാത്തതാണെന്നതാണ്. ഈ വാദം ശരിയല്ല. മോർഡ് സ്പെസിഫിക്കേഷൻ ഇനം 509.5.4.3 ൽ മെക്കാനിക്കൽ പേവർ, IRC 27 പ്രകാരമുള്ള അത്യാവശ്യ കാര്യങ്ങളുള്ള (Essential Features) വയായിരിക്കണമെന്ന് പ്രതിപാദിക്കുന്നുണ്ട്. IRC 27-2009 (Specifications For Bituminous Macadam) അനുബന്ധം A ഖണ്ഡിക E (H)-ൽ പേവർ മെഷീൻ 2.5 മീറ്റർ മുതൽ 4 മീറ്റർ വരേയോ 4 മീറ്റർ മുതൽ 7 മീറ്റർ വരേയോ വീതിയിൽ മെറ്റീരിയൽ വിരിക്കാൻ കഴിവുള്ളതായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഈ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിലെ റോഡുകളിൽ മിക്സഡ് സീൽ സർഫസിംഗ് (മെക്കാനിക്കൽ) ഉപയോഗപ്പെടുത്താതെ മിക്സഡ് സീൽ സർഫസിംഗ് മാന്വൽ രീതി അവലംബിച്ചതിന് കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/2024-25 തീയതി 29.07.2025) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും. റോഡ് പ്രവൃത്തികൾ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് നടപ്പാക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-29 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല

മെയിന്റനൻസ് ഫണ്ടും, ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് / റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പുറപ്പെടുവിച്ച 19.04.2022ലെ സ.ഉ.(കൈ)84/2022 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 6.8 ൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

കോട്ടൂർ ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണത്തിൽ മെയിന്റനൻസ് ഫണ്ടിൽ നിന്ന് ആകെ 1,44,10,467/- രൂപ (റോഡ് മെയിന്റനൻസ് ഫണ്ട് - 1,30,87,903, റോഡിതര മെയിന്റനൻസ് ഫണ്ട് - 13,22,564) ചെലവഴിച്ച് വിവിധ ആസ്തി സംരക്ഷണ പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാതെയാണ് മേൽ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/2024-25 തീയതി 28.07.2025) മറുപടി ലഭിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, അടിയന്തരമായി ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-30 എം.സി.എഫ് - പൊളിച്ചു നീക്കിയ ഗേറ്റ് ഉപയോഗപ്പെടുത്തിയില്ല

| | |
|---|---|
| പ്രൊജക്റ്റ് | SO 219/24-25, എം.സി.എഫ് കെട്ടിടം പൂർത്തീകരണം |
| എസ്റ്റിമേറ്റ് നം | LSGD/CELSGD/EST/137132/2023 |
| അടങ്കൽ | 10,00,000/- |
| | |

| | |
|---|---|
| | (3,00,000- ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>7,00,000- കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 999832/-<br>( 3,00,000 - ബിൽ നം. 480/24-25 തീയതി 16.12.2024<br>6,99,832 - ബിൽ നം. 481/24-25 തീയതി 16.12.2024) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രവൃത്തി പൂർത്തീകരണം | 02.12.2024 |

മേൽ പ്രൊജക്ടിന്റെ ഭാഗമായി 35,498/- രൂപ ചെലവഴിച്ച് ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫിൽ പുതിയ ഗേറ്റ് സ്ഥാപിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഭാഗമായി എടുത്ത് മാറ്റിയ പഴയ ഇരുമ്പ് ഗേറ്റ് എം.സി.എഫ് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായി 28.07.2025ന് നടത്തിയ സ്ഥലപരിശോധനയിൽ കണ്ടു. കേടുപാടുകളൊന്നുമില്ലാത്ത പ്രസ്തുത ഗേറ്റ് ഗ്രാമപഞ്ചായത്തിന്റെ മറ്റേതെങ്കിലും സ്ഥാപനത്തിലേക്ക് ഉപയോഗപ്പെടുത്താവുന്നതാണോ എന്ന് പരിശോധിക്കേണ്ടതും, ആവശ്യമില്ലാത്ത പക്ഷം ലേലം ചെയ്ത് ഒഴിവാക്കി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-31 കോളിക്കടവ് ഖാദി കെട്ടിടം – ഗ്രാമപഞ്ചായത്തിന്റെ ആസ്തിയല്ലാതിരുന്നിട്ടും പ്രവൃത്തികൾക്കായി തുക ചെലവഴിച്ചു**

കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി കോളിക്കടവ് ഖാദികേന്ദ്രവുമായി ബന്ധപ്പെട്ട രണ്ട് പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

(1) പ്രൊജക്ട് നം. 86/24-25, കോളിക്കടവ് ഖാദി കെട്ടിടം വയറിങ്ങ്

| | |
|---|---|
| എസ്റ്റിമേറ്റ് നം | LSGD/CELSGD/EST/ 53174/2024 |
| അടങ്കൽ | 122669/-<br>(മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 122669/-<br>(ബിൽ നം. 645/24-25 തീയതി 28.02.2025) |
| കരാറുകാരൻ | കെ.മനോഹരൻ<br>22/AE/LSGD/KTUR/2024-25 തീയതി 23.12.2024 |
| പ്രവൃത്തി പൂർത്തീകരണം | 20.02.2025 |

(2) പ്രൊജക്ട് നം. 284/24-25, കോളിക്കടവ് ഖാദി കെട്ടിടം ചുറ്റുമതിൽ നിർമ്മാണം

| | |
|---|---|
| എസ്റ്റിമേറ്റ് നം | LSGD/CELSGD/EST/ 66629/2024 |
| അടങ്കൽ | 400000<br>(320000- വികസന ഫണ്ട് പൊതുവിഭാഗം<br>80000 – തനത് ഫണ്ട്) |
| ചെലവ് | 51463/- തനത് ഫണ്ട്<br>(ബിൽ നം. 818/24-25 തീയതി 25.03.2025) |
| കരാറുകാരൻ | ഗോവിന്ദൻ നായർ എൻ.എം<br>36/AE/LSGD/KTUR/2024-25 തീയതി 30.01.2025 |

| | |
|---|---|
| പ്രവൃത്തി പൂർത്തീകരണം | 23.03.2025 |

ഓഡിറ്റ് വേളയിൽ പരിശോധനയ്ക്കായി ലഭ്യമാക്കിയ ബാലുശ്ശേരി സബ് രജിസ്ട്രാർ ആഫീസിലെ 2643/1983 നമ്പർ ആധാരത്തിന്റെ പകർപ്പ്, അവിടനല്ലൂർ വില്ലേജ് ആപ്പീസിൽ 5102 നമ്പർ തണ്ടപ്പേർ അനുസരിച്ച് ഒടുക്കിയ 2025-26 വർഷത്തെ ഭൂനികുതിയുടെ രശീതിന്റെ (നം. KL11021807209/2025) പകർപ്പ് എന്നിവ പ്രകാരം കോളിക്കടവ് ഖാദി കേന്ദ്രം സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ഉടമ കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ചെയർമാനാണ്. ഖാദികേന്ദ്രം സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/2024-25 തീയതി 28.07.2025) മറുപടി ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത ആസ്തികളിൽ നിർമ്മാണ/സംരക്ഷണ പ്രവൃത്തികൾക്കായി പദ്ധതി പണം ചെലവഴിക്കുന്നത് അനുവദനീയമല്ല. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ രണ്ട് പ്രൊജക്ടുകളിലായി 2024-25 സാമ്പത്തിക വർഷം ചെലവഴിച്ച ആകെ തുക 1,74,132/- രൂപ (122669 + 51463) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കോളിക്കടവ് ഖാദികേന്ദ്രത്തിൽ വാർഷിക പദ്ധതിയുടെ ഭാഗമായി പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാനുള്ള സാഹചര്യം ഓഡിറ്റിനെ അറിയിക്കേണ്ടതും, ഭൂമിയുടെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-32 പ്രവൃത്തി പൂർത്തീകരിച്ചിട്ടും നിർമ്മിതികൾ ഉപയോഗപ്പെടുത്തുന്നില്ല

കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളിൽ പലതും പ്രവൃത്തി പൂർത്തീകരണത്തിന് ശേഷവും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താതെയും ഉപയോഗപ്പെടുത്താതെയും നിഷ്ക്രിയമായി ശേഷിക്കുന്നതായി 2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 28.07.2025 ന് നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

### (1) കൃഷിഭവൻ സമുച്ചയം

കൃഷിഭവൻ സമുച്ചയം നിർമ്മാണവും, അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തലുമായി ബന്ധപ്പെട്ട് 2024-25 വാർഷിക പദ്ധതിയിൽ മൂന്ന് പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രസ്തുത പ്രൊജക്ടുകളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

(i) പ്രൊജക്ട് നം. SO 165/24-25, കൃഷിഭവൻ സമുച്ചയം

| | |
|---|---|
| എസ്റ്റിമേറ്റ് നം | 67816/2022 |
| അടങ്കൽ | 37,62,592/-<br>(31,50,424- വികസന ഫണ്ട്-പൊതുവിഭാഗം<br>6,12,168- തനത് ഫണ്ട്) |
| ചെലവ് | 37,62,592/-<br>( 24,45,015- ബിൽ നം. 289/24-25 തീയതി 08.08.2024<br>4,98,757- ബിൽ നം. 360/24-25 തീയതി 01.10.2024<br>7,05,409- ബിൽ നം. 444/24-25 തീയതി 11.12.2024<br>1,13,411- ബിൽ നം. 536/24-25 തീയതി 06.01.2025) |
| കരാറുകാരൻ | എം.എം ബാലകൃഷ്ണൻ |

| | |
|---|---|
| പ്രവൃത്തി പൂർത്തീകരണം | 07.11.2024 |

(ii) പ്രൊജക്റ്റ് നം. 135/24-25, കൃഷിഭവൻ സമുച്ചയം പൂർത്തീകരണം

| | |
|---|---|
| എസ്റ്റിമേറ്റ് നം | LSGD/CELSGD/EST/ 46861/2024 |
| അടങ്കൽ | 7,80,954/ (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | 6,66,693/-<br>(6,63,437 - ബിൽ നം. 721/24-25 തീയതി 12.03.2025<br>3,256 - ബിൽ നം. 828/24-25 തീയതി 25.03.2025) |
| കരാറുകാരൻ | എൻ.എം ഗോവിന്ദൻ നായർ |
| പ്രവൃത്തി പൂർത്തീകരണം | 24.03.2025 |

(iii) പ്രൊജക്റ്റ് നം. 88/24-25, കൃഷിഭവൻ കെട്ടിടം വയറിങ്ങ്

| | |
|---|---|
| എസ്റ്റിമേറ്റ് നം | LSGD/CELSGD/EST/53449/2024 |
| അടങ്കൽ | 1,90,971/- (വികസന ഫണ്ട്- റോഡിതരം) |
| ചെലവ് | 6,66,693/-<br>(1,90,971 - ബിൽ നം. 646/24-25 തീയതി 28.02.2025) |
| കരാറുകാരൻ | കെ.മനോഹരൻ |
| പ്രവൃത്തി പൂർത്തീകരണം | 21.02.2025 |

കൃഷിഭവന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് മാത്രമായി നാളിതു വരെ ആകെ 53,20,346 രൂപ ചെലവ് വന്നിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിൽ നൽകിയ തുക കിഴിച്ചുള്ള 37,62,592/- രൂപയാണ് 165/24-25 നമ്പർ പ്രൊജക്റ്റ് പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുള്ളത്. കെട്ടിടത്തിന്റെ പെയിന്റിംഗ്, റാമ്പ് നിർമ്മാണം, മുറ്റത്ത് ഷീറ്റിടൽ, ഇന്റർലോക്ക് കട്ടകൾ പാകൽ തുടങ്ങി പ്രവൃത്തികളാണ് 135/24-25 നമ്പർ പ്രൊജക്റ്റ് പ്രകാരം നടപ്പാക്കിയിട്ടുള്ളത്. കെട്ടിടത്തിന്റെ വയറിങ്ങ് പ്രവൃത്തികൾക്കായാണ് 88/24-25 നമ്പർ പ്രൊജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. വൻ തുക ചെലവഴിച്ച് നടപ്പാക്കിയ മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ആയത് കൃഷിഭവൻ പ്രവർത്തിക്കുന്നതിനായി ഇതു വരെ ഉപയോഗപ്പെടുത്തിയിട്ടില്ല. കെട്ടിടത്തിലേക്ക് ഇതു വരെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വിവിധ പ്രൊജക്റ്റുകളുടെ ഭാഗമായി വാങ്ങിയിട്ടുള്ള കട്ടിലുകളും, കസേരകളും, മറ്റു വസ്തുക്കളും സൂക്ഷിക്കുന്നതിനുള്ള ഗോഡൗൺ പോലെയാണ് നിലവിൽ ഉപയോഗിച്ചു വരുന്നത്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം. 21/2024-25 തീയതി 29.07.2025 മറുപടി ലഭിച്ചിട്ടില്ല.

**(2) ആമയാട്ട് വയൽ സാനിറ്ററി കോംപ്ലക്സ്**

| | |
|---|---|
| പ്രൊജക്റ്റ് | SO 161/24-25, ആമയാട്ട് വയൽ പൊതുകുളത്തിന് സമീപം കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് നിർമ്മാണം |
| എസ്റ്റിമേറ്റ് നം | LSGD/CELSGD/EST/182/2024 |
| അടങ്കൽ | 3,00,000/-<br>(90000- ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>210000- കേന്ദ്രാവിഷ്കൃത ഫണ്ട്) |

| | |
|---|---|
| ചെലവ് | 2,18,102/-<br>(90000 - ബിൽ നം. 323/24-25 തീയതി 06.09.2024<br>128102 - ബിൽ നം. 324/24-25 തീയതി 06.09.2024) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | എൻ.രാജൻ |
| പ്രവൃത്തി പൂർത്തീകരണം | 02.09.2024 |

സാനിറ്ററി കോംപ്ലക്സ് എന്ന പേരിലാണ് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളതെങ്കിലും ആമയാട്ട് വയൽ പൊതുകളത്തിന് സമീപമുള്ള ഹാപ്പിനസ് പാർക്കിൽ പ്രൊജക്ട് പ്രകാരം ഒരു ടോയ്ലെറ്റ് മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. 2024-25 വർഷത്തിൽ ചെലവായ 2,18,102/- രൂപയ്ക്ക് പുറമേ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 2025-26 സാമ്പത്തിക വർഷത്തിൽ 51,028/- രൂപ കൂടി കരാറുകാരന് നൽകിയിട്ടുണ്ട് (ബിൽ നം. T-G10704000011 തീയതി 17.06.2025). 02.09.2024ന് ടോയ്ലറ്റ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും അതിലേക്ക് വൈദ്യുതി/ജല സൗകര്യങ്ങൾ ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ഹാപ്പിനസ് പാർക്കിൽ നടക്കുന്ന മറ്റു നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട വസ്തുക്കൾ സൂക്ഷിച്ചിരിക്കുന്ന ടോയ്ലെറ്റ് നിലവിൽ ഉപയോഗയോഗ്യമല്ല. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/2024-25 തീയതി 29.07.2025) മറുപടി ലഭിച്ചിട്ടില്ല.

**(3) <u>തുമ്പൂർമുഴി ജൈവമാലിന്യ സംസ്കരണ യൂണിറ്റ്</u>**

| | |
|---|---|
| പ്രൊജക്ട് | SO 163/24-25, പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ തുമ്പൂർമുഴി നിർമ്മാണം |
| എസ്റ്റിമേറ്റ് നം | LSGD/CELSGD/EST/132764/2023 |
| അടങ്കൽ | 2,80,000/-<br>(84,000- ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>1,96,000- കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 2,51,681/-<br>( 84,000 - ബിൽ നം. 550/24-25 തീയതി 09.01.2025<br>1,67,681 - ബിൽ നം. 551/24-25 തീയതി 09.01.2025) |
| കരാറുകാരൻ | സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ, മലപ്പുറം |
| പ്രവൃത്തി പൂർത്തീകരണം | 06.01.2025 |

ജൈവമാലിന്യ സംസ്കരണത്തിനായി മേൽ പ്രൊജക്ട് പ്രകാരം കോട്ടൂർ ഗ്രാമപഞ്ചായത്ത് കാര്യാലയ സമുച്ചയത്തിന്റെ കോമ്പൗണ്ടിനുള്ളിൽ കൃഷിഭവൻ, വെറ്ററിനറി ഡിസ്പെൻസറി എന്നിവയ്ക്ക് സമീപമായി തുമ്പൂർമുഴി യൂണിറ്റും സംരക്ഷണ ഷെഡ്ഡും നിർമ്മിച്ചിട്ടുണ്ട്. 06.01.2025ന് നിർമ്മാണം പൂർത്തിയായിട്ടുള്ള പ്രസ്തുത യൂണിറ്റ് ഇതു വരെ മാലിന്യസംസ്കരണത്തിനായി ഉപയോഗപ്പെടുത്തിയിട്ടില്ല. തുമ്പൂർമുഴി യൂണിറ്റ് ഉപയോഗപ്പെടുത്താത്തതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/2024-25 തീയതി 29.07.2025) മറുപടി ലഭിച്ചിട്ടില്ല.

നിർമ്മിതികൾ ഉപയോഗപ്പെടുത്താതിരിക്കുകയും, പ്രസ്തുത അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭ്യമാക്കാതിരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ മേൽ പ്രവ്യത്തികളുമായി ബന്ധപ്പെട്ട് 2024-25 സാമ്പത്തിക വർഷം ചെലവഴിച്ച ആകെ തുക 50,90,039/- രൂപ (37,62,592 + 6,66,693 + 1,90,971 + 2,18,102 + 2,51,681) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. നിർമ്മിതികൾ അവയുടെ നിർമ്മാണോദ്ദേശ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 ജലജീവൻ മിഷൻ പദ്ധതി - പഞ്ചായത്ത് / ഗുണഭോക്തൃ വിഹിതങ്ങൾ നാളിതുവരെ കൈമാറിയില്ല

ഭാരതത്തിന്റെ ഗ്രാമീണ മേഖലയിലുള്ള എല്ലാ വീടുകൾക്കും 2023-24 വർഷത്തോടു കൂടി ഗാർഹിക കടിവെള്ള കണക്ഷനുകൾ അഥവാ വ്യക്തിഗത ഫങ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകൾ (FHTCs) ലഭ്യമാക്കി പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ എന്ന കണക്കിൽ കടിവെള്ളം ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് ആവിഷ്കരിച്ച കേന്ദ്രപദ്ധതിയാണ് ജൽജീവൻ മിഷൻ. 45% കേന്ദ്ര വിഹിതവും, 30% സംസ്ഥാന വിഹിതവും, 15% ഗ്രാമപഞ്ചായത്ത് വിഹിതവും, 10% ഗുണഭോക്തൃ വിഹിതവുമാണ് പദ്ധതിയുടെ ധനസ്രോതസ്സ്.

2020-21 വർഷത്തിലാണ് കോട്ടൂർ ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഗ്രാമപഞ്ചായത്ത് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഇംപ്ലിമെന്റ് സപ്പോർട്ട് ഏജൻസിയായ "കേരള ഗ്രാമനിർമ്മാണ സമിതി", സേവാമന്ദിരം, രാമനാട്ടുകര, ജില്ലാ കടിവെള്ള ശുചിത്വ മിഷൻ എന്നിവരുമായി 16.10.2021ന് ത്രികക്ഷി കരാർ ഒപ്പുവച്ചിട്ടുണ്ട് (കരാർ നം. 02/2021 തീയതി 16.10.2021.) പദ്ധതിയുടെ ഭാഗമായി കോട്ടൂർ ഗ്രാമപഞ്ചായത്തിനായി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ്, ആയതിൽ പഞ്ചായത്ത് / ഗുണഭോക്തൃ വിഹിതമായി നൽകേണ്ട തുക എന്നിവ സംബന്ധിച്ച വിവരങ്ങളൊന്നും ഗ്രാമപഞ്ചായത്ത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ജൽജീവൻ മിഷന്റെ കണക്കുകൾ പ്രകാരം (Www.Kwa.Kerala.Gov.In) ഓഡിറ്റ് തീയതിയിൽ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ പ്രവ്യത്തികളുടെ വിവരം താഴെ ചേർക്കും വിധമാണ്.

| | |
|---|---|
| ഭരണാനുമതി ലഭിച്ച കണക്ഷനുകളുടെ എണ്ണം | 7829 |
| ഭരണാനുമതി തുക | 5503.12 ലക്ഷം രൂപ |
| ആകെ ഗ്രാമീണ വീടുകൾ | 7858 |
| ജൽജീവനു മുമ്പുണ്ടായിരുന്ന കണക്ഷൻ (01.04.2020 നു മുമ്പ്) | 1658 |
| ജൽജീവൻ തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | 42 |

ജൽ ജീവൻ പദ്ധതി വ്യാപിപ്പിക്കുന്നതിനും വിഹിതം നല്കുന്നതിനുമുള്ള പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും 15% വിഹിതം നല്കുന്നതിന് പൊതുവിഭാഗം സാധാരണ വിഹിതവും തനത് ഫണ്ടും ഉപയോഗിക്കാമെന്നും 19.04.2022 തീയതിയിലെ 84/2022/തസ്വഭവ നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.1 ബി(23)യിൽ പ്രതിപാദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നല്കാമെന്നും ടി.എസ്.പി/ എസ്.സി.പി ഫണ്ടുകൾ അവയുടെ വിനിയോഗ മാർഗ്ഗരേഖ പാലിച്ചുകൊണ്ട് ഉപയോഗപ്പെടുത്താമെന്നും ഈ ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുമ്പോൾ ഗ്രാമപഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും കണ്ടെത്താൻ കഴിയാതെ വരുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് നിയമസഭാ സാമാജികരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കാൻ ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ് 10/08/2020 തീയതിയിൽ പുറപ്പെടുവിച്ച (സാധാ) 4584/2020/ധന നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് ആയതും പഞ്ചായത്ത് വഹിതവുമടക്കം എസ്റ്റിമേറ്റ് തുകയുടെ 25% തുക സംസ്ഥാന നോഡൽ അക്കൗണ്ടിലേക്ക് (സംസ്ഥാനത്തെ പദ്ധതിക്കായി എല്ലാ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന തുക നിക്ഷേപിക്കുന്ന അക്കൗണ്ട്) ഗ്രാമപഞ്ചായത്ത് നല്കേണ്ടതുണ്ട്. എന്നാൽ നാളിതുവരെ സ്ഥാപനം ഈ പദ്ധതിക്കായി പ്രൊജക്ടുകൾ തയ്യാറാക്കുകയോ തുക വകയിരുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ യാതൊരു തുകയും ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്തിട്ടുമില്ല.

ജൽ ജീവൻ മിഷന്റെ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റേത് 'യെല്ലോ' സ്റ്റാറ്റസ് ആണ്. ഈ പദ്ധതിയിൽ പൂർത്തീകരിച്ച പ്രവൃത്തികൾക്കാനുപാതികമായ വിഹിതം പഞ്ചായത്തും, ഗുണഭോക്താക്കളും വഹിക്കേണ്ടതും കൈമാറേണ്ടതുണ്ട്. ഇത്തരത്തിൽ നൽകേണ്ട തുകയുടെ കൃത്യമായ വിവരവും, ഈ തുക എപ്രകാരം നൽകാൻ ഉദ്ദേശിക്കുന്നു എന്നുള്ള വിവരവും അറിയിക്കേണ്ടതാണ്.

## 1-34 ആരോഗ്യമേഖലാ ഗ്രാന്റ് – വിനിയോഗവും ഫലപ്രാപ്തിയും

പഞ്ചായത്തുകളെ സ്വയംഭരണ സ്ഥാപനങ്ങളെന്ന നിലയിൽ പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്നതിനായി നിയമം വഴി ആവശ്യമായ അധികാരങ്ങളും അധികാരശക്തിയും നിൽകുന്നതിന് ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 243(ജി) യിൽ നിർദ്ദേശിക്കുകയും അതു പ്രകാരം സംസ്ഥാനങ്ങളിലെ നിയമനിർമ്മാണ മണ്ഡലങ്ങൾക്ക് പഞ്ചായത്തുകളെ ഏൽപ്പിക്കാവുന്ന പദ്ധതികൾ ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ വിവരിക്കുകയും ചെയ്തിട്ടുള്ളതാണ്. പതിനൊന്നാം പട്ടികയിലെ ക്രമ നം. 23 പ്രകാരം സംസ്ഥാനങ്ങൾ ആശുപത്രികളും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും, ഡിസ്പെൻസറികളും ഉൾപ്പെടുന്ന ആരോഗ്യ-ശുചിത്വമേഖലയുടെ ചുമതല പഞ്ചായത്തുകൾക്ക് കൈമാറേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം കേരള സർക്കാർ മേൽപ്പറഞ്ഞ ചുമതല പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം എല്ലാതരം ചികിൽസാ സമ്പ്രദായങ്ങളിലുംപെടുന്ന ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും നടത്തുക എന്നുള്ളത് (മൂന്നാം പട്ടികയിലെ ക്രമ.നം. സി.XII.1) ഗ്രാമപഞ്ചായത്തുകളുടെയും, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക എന്നുള്ളത് (നാലാം പട്ടികയിലെ ക്രമ നം. ബി.X) ബ്ലോക്ക് പഞ്ചായത്തുകളുടെയും, ജില്ലാ ആശുപത്രികൾ നിയന്ത്രിക്കുക എന്നുള്ളത് (അഞ്ചാം പട്ടികയിലെ ക്രമ നം. ബി.XI.1) ജില്ലാ പഞ്ചായത്തിന്റെയും ചുമതലയാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാഥമികാരോഗ്യ പരിരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ചു വർഷ കാലയളവിലേക്കായി കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2968.28 കോടി രൂപയാണ് ഗ്രാന്റായി അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ ആരോഗ്യ

സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനങ്ങൾ നൽകുന്നതിനും ലക്ഷ്യമിട്ട് നവകേരളം കർമ്മപരിപാടിയുടെ ഭാഗമായി ആർദ്രം മിഷൻ പ്രവർത്തിച്ചു വരുന്നുണ്ട്. ധനകാര്യ കമ്മീഷൻ അവാർഡ് വഴി ലഭിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് മേൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കുന്നതിനായി ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് കേരള സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ വിവിധ ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

| ക്രമ നം | ഉത്തരവ്/സർക്കുലർ |
|---|---|
| 1 | സ.ഉ (സാധാ) നം. 2132/2022/ത.സ്വ.ഭ.വ തീയതി 31.08.2022 |
| 2 | സ.ഉ (സാധാ) നം. 2156/2022/ത.സ്വ.ഭ.വ തീയതി 01.09.2022 |
| 3 | സ.ഉ (സാധാ) നം. 3157/2022/ത.സ്വ.ഭ.വ തീയതി 21.12.2022 |
| 4 | സർക്കുലർ നം. എഫ്.എം3/138/2023/ ത.സ്വ.ഭ.വ തീയതി 23.05.2023 |
| 5 | സ.ഉ (സാധാ) നം. 1625/2023/ത.സ്വ.ഭ.വ തീയതി 09.08.2023 |

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശപ്രകാരം ആറ് സ്കീമുകൾക്കായാണ് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിക്കപ്പെട്ടിട്ടുള്ളത്. അവയിൽ സ്കീം 1,2,3,4 എന്നിവ പഞ്ചായത്തുകൾക്കും സ്കീം 5, 6 എന്നിവ നഗരഭരണ സ്ഥാപനങ്ങൾക്കും ബാധകമായവയാണ്. പഞ്ചായത്തുകളുമായി ബന്ധപ്പെട്ട സ്കീമുകളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| സ്കീം | വിശദാംശം |
|---|---|
| 1 | കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം |
| 2 | ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം |
| 3 | ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| 4 | ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് &വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ |

മേൽപ്പറഞ്ഞവയിൽ സ്കീം 1,2,4 എന്നിവ പ്രകാരമുള്ള ഗ്രാന്റുകളാണ് ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്നത്. ഗ്രാമപഞ്ചായത്തുകൾക്ക് ഗ്രാന്റ് ലഭിക്കുന്ന അഞ്ചു വർഷ കാലാവധിയിലെ നാലു വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ കോട്ടൂർ ഗ്രാമപഞ്ചായത്തിന് ലഭിച്ച ആരോഗ്യമേഖലാ ഗ്രാന്റിനെയും, ആയതിന്റെ വിനിയോഗത്തിനെയും, ഫലപ്രാപ്തിയെയും സംബന്ധിച്ച കാര്യങ്ങൾ ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. ഇതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**1. ഗ്രാന്റ് വരവും വിനിയോഗവും**

കോട്ടൂർ ഗ്രാമപഞ്ചായത്തിന് 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ ലഭ്യമായ ആരോഗ്യ

മേഖലാ ഗ്രാന്റിനെയും ആയതിന്റെ വിനിയോഗത്തെയും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| സ്കീം | ലഭിച്ച തുക | | | | | ചെലവഴിച്ച ആകെ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ | | |
| 1 | 0 | 0 | 0 | 0 | 0 | 0 | 0 |
| 3 | 2,64,733 | 10,19,000 | 4,26,000 | 0 | 17,09,733 | 13,27,910 | 3,81,823 |
| 4 | 1,35,000 | 4,21,000 | 6,70,000 | 0 | 12,26,000 | 5,56,000 | 6,70,000 |
| **ആകെ** | **3,99,733** | **14,40,000** | **10,96,000** | **0** | **29,35,733** | **18,83,910** | **10,51,823** |

ഗ്രാമപഞ്ചായത്തിന് വിവിധ സ്കീമുകളിലായി നാളിതുവരെ ലഭിച്ച ആരോഗ്യമേഖലാ ഗ്രാന്റിന്റെ ചെലവ് ശതമാനത്തെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| സ്കീം | 31.03.2025 വരെ ലഭിച്ച ആകെ തുക | 31.03.2025 വരെ ചെലവഴിച്ച ആകെ തുക | ചെലവ് ശതമാനം |
|---|---|---|---|
| 1 | 0 | 0 | 0 |
| 3 | 17,09,733 | 13,27,910 | 77.66 |
| 4 | 12,26,000 | 5,56,000 | 45.35 |
| ആകെ | **29,35,733** | **18,83,910** | **64.17** |

ഗ്രാമപഞ്ചായത്തിന് 31.03.2025 വരെ ലഭിച്ച ആകെ ഗ്രാന്റിന്റെ 64% മാത്രമേ നാളിതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിന്റെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

## 2. ബാങ്ക് അക്കൗണ്ടുകൾ

ആരോഗ്യമേഖലാ ഗ്രാന്റ് കൈകാര്യം ചെയ്യുന്നതിനായി കോട്ടൂർ ഗ്രാമപഞ്ചായത്ത് ഗ്രാമീണ ബാങ്കിന്റെ കുട്ടാലിട ശാഖയിൽ മൂന്ന് പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്. പലിശ ഇനത്തിൽ ലഭ്യമായ തുക ഉൾപ്പടെ 10,96,324/-രൂപ 31.03.2025ന് പ്രസ്തുത ബാങ്ക് അക്കൗണ്ടുകളിൽ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. നീക്കിയിരിപ്പ് തുക ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുമായി (ബാലൻസ് ഷീറ്റിലെ ബി-17 ഷെഡ്യൂൾ) പൊരുത്തപ്പെടുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്കീം | അക്കൗണ്ട് നം. | 31.03.2025ലെ നീക്കിയിരിപ്പ് |
|---|---|---|
| 1 | 40144101068393 | 0 |
| 3 | 40144101068384 | 412983 |
| 4 | 40144101068409 | 683341 |
| 31.03.2025ലെ ആകെ നീക്കിയിരിപ്പ് | | 10,96,324/- (നാളിതു വരെ ലഭിച്ച പലിശ ഉൾപ്പെടെ) |

3. പദ്ധതികൾ

ആരോഗ്യമേഖല ഗ്രാന്റ് വകയിരുത്തി വിവിധ സ്കീമുകളിലായി കോട്ടൂർ ഗ്രാമപഞ്ചായത്തിൽ ആസൂത്രണം ചെയ്യുതും നടപ്പാക്കിയതുമായ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

I)സ്കീം-3 (ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ )

| ക്രമ നം | വർഷം | പ്രോജക്റ്റ് | അടങ്കൽ തുക / നിർവ്വഹണം | ചെലവ് തുക |
|---|---|---|---|---|
| 1 | 2022-23 | 190/22-23 എഫ്.എച്ച്.സിയിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 264733 മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 2,64,733 |
| 2 | 2023-24 | 203/23-24 എഫ്.എച്ച്.സി യിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 1019000 മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 2,47,503 |
| 3 | 2024-25 | S0227/24-25 എഫ്.എച്ച്.സി യിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 771497 മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 7,71,339 |
| 4 | 2024-25 | 292/24-25 എഫ്.എച്ച്.സി യിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 426000 മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 44,335 |
| ആകെ ചെലവ് | | | | 13,27,910 |

ii) സ്കീം-4 (ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ)

| ക്രമ നം | വർഷം | പ്രൊജക്റ്റ് | അടങ്കൽ തുക / നിർവ്വഹണം | ചെലവ് തുക |
|---|---|---|---|---|
| 1 | 2023-24 | SO 134/23-24 സബ് സെന്ററുകളിൽ ഹെൽത്ത് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 135000 മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 1,35,000 |
| 2 | 2023-24 | 204/23-24 സബ് സെന്ററുകളിൽ ഹെൽത്ത് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 421000 മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 1,78,399 |
| 3 | 2024-25 | SO 226/24-25 സബ് സെന്ററുകളിൽ ഹെൽത്ത് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 242601 മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 2,42,601 |
| ആകെ ചെലവ് | | | | 5,56,000 |

## 4. വിശകലനവും നിർദ്ദേശങ്ങളും

ആരോഗ്യമേഖല ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖകളിൽ നിർദ്ദേശിച്ചത് പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ തന്നെയാണ് പ്രൊജക്ടുകൾ നടപ്പാക്കി വരുന്നത്. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ എന്നിവ കോട്ടൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീറാണ് നിർവ്വഹിക്കുന്നത്.

സ്കീം-3 പ്രകാരം ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ആകെ 4 പ്രൊജക്ടുകളാണ് ഗ്രാമപഞ്ചായത്ത് ഇതുവരെ ആവിഷ്കരിച്ചിട്ടുള്ളത്.

സ്കീം-4 പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ആകെ 3 പ്രൊജക്ടുകളാണ് ഗ്രാമപഞ്ചായത്ത് ഇതുവരെ ആവിഷ്കരിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന് 31.03.2025 വരെ ലഭിച്ച ആകെ ഗ്രാന്റിന്റെ 64% തുക മാത്രമേ നാളിതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിന്റെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

സ്കീം 3, 4 എന്നിവ പ്രകാരം ഓരോ തദ്ദേശസ്ഥാപനത്തിലെയും പൊതുജനാരോഗ്യമേഖലയുമായി ബന്ധപ്പെട്ട പ്രാദേശിക സാഹചര്യമനുസരിച്ചുള്ള നവീന പദ്ധതികൾ നടപ്പിലാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാവുന്നത് ഗ്രാന്റ് വിനിയോഗം ഫലപ്രദമാകുന്നതിന് സഹായകരമായിക്കും. ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും ചികിത്സാ സൗകര്യങ്ങൾക്കുമായി ലഭിച്ച ഗ്രാന്റ് സമയബന്ധിതമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സാകുന്നതാണ്. ആയതിനാൽ ഗ്രാന്റ് തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലയിലെ വർക്കിങ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ

നേരിൽ സന്ദർശിച്ച് സൗകര്യങ്ങളും ആവശ്യകതകളും വിലയിരുത്തി ഭരണസമിതിയെ അറിയിക്കേണ്ടതാണ്. ഫലപ്രദമായ പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിന് അത്തരം നിർദ്ദേശങ്ങൾ സഹായകമാകുന്നതാണ്. പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകുന്നതിലും, രൂപീകരിക്കുന്ന പ്രൊജക്ടുകളുടെ നിർവ്വഹണ നടപടികൾ നിരീക്ഷിക്കുന്നതിലും, ഫലപ്രാപ്തിയിലെത്തിക്കുന്നതിലും ആരോഗ്യമേഖലാ വർക്കിങ് ഗ്രൂപ്പിന്റെയും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും സജീവമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പെയിൻ& പാലിയേറ്റീവ് കെയർ പദ്ധതി വാഹനവാടക -അധികം തുക നൽകി

പ്രോജക്ട് നമ്പർ-2/24-25

നിർവ്വഹണം-മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

അടങ്കൽ-9,00,000(7,00,000(വികസന ഫണ്ട്(ജനറൽ)+2,00,000(തനത് ഫണ്ട്)

ചെലവ്-9,00,000(7,00,000(വികസന ഫണ്ട്(ജനറൽ)+2,00,000(തനത് ഫണ്ട്)

1)ബിൽ സാങ്ഷൻ നമ്പർ -497 ,19.12.24 തുക 215551/-

പെയിൻ& പാലിയേറ്റീവ് കെയർ പദ്ധതിയിൽ മേൽ ബിൽ പ്രകാരം വാഹനവാടക ഇനത്തിൽ രജീഷ് കുമാർ.വി.പി ഡ്രൈവറുടെ അക്കൗണ്ടിലേക്ക് ആഗസ്റ്റ്,സെപ്റ്റംബർ,ഒക്ടോബർ മാസങ്ങളിലെ തുക 96000/- രൂപ കൈമാറിയിട്ടുണ്ട്. വൗച്ചർ സമർപ്പിക്കാത്ത തീയതികളിലെ (18.8.2024,23.8.2024 ) വാഹന വാടകയും ഇതിൽ ഉൾപ്പെടുന്നു. പാലിയേറ്റീവ് കെയറിന്റെ ഗൃഹസന്ദർശന രജിസ്റ്റർ പ്രകാരം 18.8.2024, 23.8.2024 തീയതികളിൽ ഗൃഹസന്ദർശനം നടത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ദിവസങ്ങളിൽ അധിക തുക (1200x2=2400/-രൂപ) അനുവദിച്ചിട്ടുണ്ട്. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/24-25 തീയതി 29.7.25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹനവാടക ഇനത്തിൽ അധികം അനുവദിച്ച 2,400/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

### 3-2 കുടിവെള്ള വിതരണം - കരാറുകാരന് അധിക തുക അനുവദിച്ചു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 23/25 |
| അടങ്കൽ | 7,70,000 ( 409133/-വികസന ഫണ്ട്<br>3,60,867/- തനതു ഫണ്ട്) |
| ചെലവ് തുക | ബിൽ സാങ്ഷൻ നമ്പർ/തിയതി |
| 3,18,273<br>4,09,133 | 364/04.10.24<br>453/12.12.24 |

ഗ്രാമപഞ്ചായത്തിന്റെ വരൾച്ചാ ബാധ്യത പ്രദേശങ്ങളിൽ കടിവെള്ളം വിതരണം ചെയ്യുന്നതാണ് പ്രൊജക്ട്. ഇതിനായി ടെണ്ടർ ക്ഷണിച്ചതിൽ നാല് ടെണ്ടർ ലഭിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.അർജ്ജുൻ.എ.എസ് എന്നയാളുടെ 4000 ലിറ്റർ വിതരണം ചെയ്യുന്നതിന് കി.മീറ്ററിന് 100/- രൂപ എന്ന നിരക്ക് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കടിവെള്ള വിതരണത്തിനായി വാഹനം ആകെ 7274.060 കി.മീറ്റർ ഓടിയതിന് കി.മീറ്ററിന് 100/- രൂപ നിരക്കിൽ 7,27,406/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിലും തുക വിതരണം ചെയ്തതിലും ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. തുക നൽകിയതിൽ, കരാറുകാരൻ വാഹനം ഓടിയതായി ലഭ്യമാക്കിയ ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയതിനെക്കാളും കൂടുതൽ തുക കരാറുകാരന് അനുവദിച്ചതായി കാണുന്നു.

| തിയതി | ട്രിപ്പ് ഷീറ്റ് പ്രകാരം രേഖപ്പെടുത്തിയ കി.മീറ്റർ | ജി.പി.എസ് പ്രകാരമുള്ള കി.മീറ്റർ | അനുവദിച്ചത് | അധികം |
|---|---|---|---|---|
| 10.04.24 | 69 | 91.72 | 91.72 | 22.72 |
| 26.04.24 | 80 | 93.79 | 93.79 | 13.79 |
| 05.05.24 | 116 | 121.16 | 121.16 | 5.16 |
| 21.05.24 | 125 | 130.60 | 130.60 | 5.6 |
| | | | ആകെ അധികം | 47.27 കി.മീ |

കി.മീറ്ററിന് 100/- രൂപ നിരക്കിൽ 47.27 കി.മീറ്ററിന് അധികമായി 4727/- രൂപ കരാറുകാരന് അനുവദിച്ചു.

2. മേൽ പദ്ധതി പ്രകാരം വിതരണം നടത്തിയ കടിവെള്ളത്തിന്റെ സ്രോതസ് ഉറപ്പാക്കിയിട്ടില്ല. മേൽ കാലയളവിൽ വരൾച്ച ബാധിച്ച വിവിധ വാർഡുകളിലായി കടിവെള്ളം വിതരണം ചെയ്യുന്നതിന് കരാറുകാരൻ എവിടെ നിന്നുമാണ് കടിവെള്ളം ശേഖരിച്ചത് എന്നതിന്റെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( ഓഡിറ്റ് എൻക്വയറി നം. 3/24-25 തിയതി 28.07.25) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ 4727/- രൂപ കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ

2024-25 വർഷം ഗ്രാമപഞ്ചായത്തിലെ റഗുലർ ജീവനക്കാരിൽ നിന്നും ഈടാക്കിയ മെഡിസെപ് പ്രീമിയം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 18 | 107000 ** | 107000 | ഇല്ല | |

* 01.04.2024 മുതൽ 31.03.2025 വരെയുള്ള സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

** ഗ്രാമപഞ്ചായത്തിലെ നിലവിലെ അനുവദിക്കപ്പെട്ട തസ്തികകൾ 19 ആണ്. ഇതിൽ ഒരു PTS ന്റെ പോസ്റ്റ് വേക്കന്റ് ആയിരുന്നു. ഈ പോസ്റ്റിലേക്ക് ശ്രീ അനിത.സി ജോയിൻ ചെയ്തത് 24.06.24 നാണ്. 01.05.24 മുതൽ 24.09.24 വരെ അസി.സെക്രട്ടറിയുടെ പോസ്റ്റും 2025 ഫെബ്രുവരിയിൽ 2 ക്ലർക്കുമാരുടെ പോസ്റ്റും വേക്കന്റ് ആയിരുന്നു.

**2) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.04.2024 മുതൽ 30.06.2024** വരെയുള്ള സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2023 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 01 | 25.06.24 | 8150 | 8150 | | |

മേൽ ജീവനക്കാരിയുടെ സത്യവാങ്മൂലം മെഡിസെപ്പ് നോഡൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

3) മെഡിസെപ് പ്രീമിയം ഒടുക്ക് -(01.07.2024 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ )

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല | | | | |

**4) മെഡിസെപ് പ്രീമിയം ഒടുക്ക് -** ( 01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ )

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2024-25 | 21.07.2025, 22.07.2025 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

## 4-3 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 2,80,000 | ഭിന്നശേഷിയുള്ളവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 2,80,000 | 0 |
| | | 6,00,000 | സമഗ്ര നെൽകൃഷി വികസനം | 6,00,000 | 0 |
| | | 6,00,000 | ലൈഫ് ഭവനപദ്ധതി-ജനറൽ | 6,00,000 | 0 |
| | | 10,00,000 | ലൈഫ് ഭവനപദ്ധതി-പട്ടികജാതി | 10,00,000 | 0 |
| | | 4,36,000 | ലൈഫ് ഭവനപദ്ധതി-പട്ടികവർഗ്ഗം | 4,36,000 | 0 |
| | | 2,00,000 | അതിദരിദ്രർക്ക് ലൈഫ് ഭവനപദ്ധതി-ജനറൽ | 2,00,000 | 0 |
| | | 2,50,000 | ക്ഷീരകർഷകർക്ക് അളക്കുന്ന പാലിന് സബ്സിഡി | 2,50,000 | 0 |
| | | 3,10,000 | കറവപശുക്കൾക്ക് കാലിത്തീറ്റ | 3,10,000 | 0 |
| | | | ആകെ | 36,76,000 | |
| ജില്ലാ പഞ്ചായത്ത് | | 1,13,783 | ഭിന്നശേഷിയുള്ളവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 1,13,783 | 0 |
| | | 4,38,582 | ലൈഫ് ഭവനപദ്ധതി-ജനറൽ | 4,38,582 | 0 |
| | | 1,00,000 | അതിദരിദ്രർക്ക് ലൈഫ് ഭവനപദ്ധതി-ജനറൽ | 1,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 4,60,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 4,60,000 | 0 |
| | | 1,50,000 | കറവപശുക്കൾക്ക് കാലിത്തീറ്റ | 1,50,000 | 0 |
| | | | ആകെ | 12,62,365 | |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്.ഇ.ബി | തണ്ടപ്പുറം കുടിവെള്ള പദ്ധതി സിംഗിൾ ഫേസ് 3 ഫേസ് ആക്കി മാറ്റൽ | 362/ 04.10.24 | 2,23,865 | 0 | 2,23,865 |
| കെഎസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ | 754/ 17.03.25 | 15,00,000 | | 15,00,000 |
| കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | ടേക്ക് എ ബ്രേക്ക്, കംഫർട്ട് സ്റ്റേഷൻ, എഫ്.എച്ച്.സി എന്നിവിടങ്ങളിൽ CCTV ക്യാമറകൾ സ്ഥാപിക്കൽ | 723/ 12.03.25 | 1,97,043 | | 1,97,043 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല -

## 4-6 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി വായ്പ (കെയു.ആർ.ഡി.എഫ്.സി) | | 3123450 | 24197180 | 2467126 | | 24853504 |

## 4-7 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 40,75,080 |
| തൻവർഷം നിക്ഷേപിച്ച തുക | 1,07,082 |
| ആകെ | 41,82,162 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 41,82,162 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ്ഓഫീസ്....) | നിക്ഷേപിച്ച തീയതി/വർഷം | തുക |
|---|---|---|---|
| 1 | കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ,മലപ്പുറം ഇക്വിറ്റി ഷെയർ | 1977 | 100 |
| 2 | കോഴിക്കോട് ജില്ലാ സഹകരണ ഹോസ്പിറ്റൽ,കോഴിക്കോട് ഇക്വിറ്റി ഷെയർ | 1988 | 2,500 |
| 3 | KDC ബാങ്ക് നടുവണ്ണൂർ 100441807520098 | 2024-25 | 9,06,188 |
| 4 | KDC ബാങ്ക്, നടുവണ്ണൂർ 10044180752009 | 2024-25 | 4,92,745 |
| 5 | KDC ബാങ്ക്, നടുവണ്ണൂർ 100441807520100 | 2024-25 | 7,17,917 |
| 6 | KDC ബാങ്ക്, നടുവണ്ണൂർ 100441807520105 | 2024-25 | 1,19,073 |
| 7 | KDC ബാങ്ക്, നടുവണ്ണൂർ 165218801200077 | 2024-25 | 1,41,158 |
| 8 | KDC ബാങ്ക്, നടുവണ്ണൂർ 100441807520107 | 2024-25 | 42,750 |
| 9 | KDC ബാങ്ക്, നടുവണ്ണൂർ 100441807520102 | 2024-25 | 3,45,411 |
| 10 | KDC ബാങ്ക്, നടുവണ്ണൂർ 100441807520101 | 2024-25 | 1,24,013 |
| 11 | KDC ബാങ്ക്, നടുവണ്ണൂർ 165218801200095 | 2024-25 | 32,580 |
| 12 | കായണ്ണ സർവ്വീസ് സഹകരണ ബാങ്ക് 0101028624 | 2024-25 | 4,95,081 |

| | | | |
|---|---|---|---|
| 13 | KDC ബാങ്ക്, ബാലുശ്ശേരി ബാങ്ക് 162018801200032 | 2024-25 | 44,860 |
| 14 | KDC ബാങ്ക്, ബാലുശ്ശേരി ബാങ്ക് 162018801200023 | 2024-25 | 7,17,786 |
| ആകെ | | | 41,82,162 |

## 4-8 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം 21,985/-രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2022-23 | 1-10 | 10,000 | രമണി,സൂര്യ,രോഹിത്ത്,താര | 1240100092/17-04-2024 |
| 2022-23 | 1-10 | 4,000 | രമണി,സൂര്യ,രോഹിത്ത്,താര | 1240100594/19.06.2024 |
| 2022-23 | 1-10 | 7,985 | രമണി,സൂര്യ,രോഹിത്ത്,താര | 1240101283/12.09.2024 |
| ആകെ തുക | | 21,985 | | |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 28 | 2003-04 (പൊതു പരാമർശം) | 11.13.7.13 | നികുതി പിരിവിൽ അലംഭാവം | |
| | | 2013-14 (അവലോകനം) | 6.4 | തെരുവ് വിളക്ക് സംരക്ഷണം | |
| 2002-03 | 2-2 | 2005-06 | 2.70.1.4.4 | ഭവന നിർമാണം | ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറക്ക് ഒഴിവാക്കാൻ ശിപാർശ |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-6 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

- ഇല്ല -

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീറ്റ് & പേയ്മെന്റ് പ്രകാരം) | 6,51,11,939 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീറ്റ് & പേയ്മെന്റ് പ്രകാരം) | 7,44,55,298 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത ഇക | 7,127 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ഇക | 86,65,345 |

**(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ ഇക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 2,400 | ഡോ.മഹേഷ്.കെ, മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി, കോട്ടൂർ |
| 3-2 | - | 4,727 | ശ്രീ.നാരായണൻ. പി,സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ഇക**

| ഖണ്ഡിക നമ്പർ | ഇക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 43,985 | ശ്രീ. നാരായണൻ.പി, സെക്രട്ടറി |
| 1-14 | 69,192 | ഡോ.അഭയ് ദേവ്.കെ, മെഡിക്കൽ ഓഫീസർ-ഹോമിയോ |
| 1-19 | 1,91,893 | ശ്രീ. നാരായണൻ.പി,സെക്രട്ടറി |

| | | |
|---|---|---|
| 1-21 | 67,083 | ശ്രീ. നാരായണൻ.പി, സെക്രട്ടറി |
| 1-22 | 19,20,908 | ശ്രീ. നാരായണൻ.പി, സെക്രട്ടറി |
| 1-23 | 6,94,997 | ശ്രീ. നാരായണൻ.പി, സെക്രട്ടറി |
| 1-24 | 3,14,116 | ശ്രീ. നാരായണൻ.പി, സെക്രട്ടറി |
| 1-26 | 99,000 | ശ്രീമതി.റെജി.പി, വി.ഇ.ഒ |
| 1-31 | 1,74,132 | ശ്രീ.കെ.സി.സുധീർനാഥ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-32 | 50,90,039 | ശ്രീ.കെ.സി.സുധീർനാഥ്, അസിസ്റ്റന്റ് എഞ്ചിനീയർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

- ഇല്ല -

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

- ഇല്ല -

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. നാരായണൻ പി, സെക്രട്ടറി | സെക്രട്ടറി, കോട്ടൂർ ഗ്രാമപഞ്ചായത്ത് | പുല്ലുക്കിൽ, കായണ്ണ ബസാർ പി. ഒ, 673525 |
| ഡോ. മഹേഷ്.കെ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി കോട്ടൂർ | കെ.ജി.സദൻ, എരവട്ടൂർ.പേരാമ്പ്ര,കോഴിക്കോട് |
| ഡോ. അഭയ്ദേവ് കെ, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, കോട്ടൂർ | ഗീത ഭവൻ, പൊക്കുന്ന്, കോഴിക്കോട് – 7 |
| ശ്രീമതി.റെജി.പി | വി.ഇ.ഒ ,കോട്ടൂർ ഗ്രാമപഞ്ചായത്ത് | പൂക്കാട്ടു മീത്തൽ, കരുമല.പി.ഒ, ബാലുശ്ശേരി-673612 |
| ശ്രീ.കെ.സി.സുധീർനാഥ് | അസിസ്റ്റന്റ് എഞ്ചിനീയർ, കോട്ടൂർ | ശ്രീരഞ്ജിനി ഹൌസ്, കരുമല, ബാലുശ്ശേരി, കോഴിക്കോട് |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നാംപുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 2009-10 | നം.കെ.എസ്.എ.കെ.കെ.ഡി/ പി7/1791/2021 (12) തീയതി: 05.04.2023 | 1 | 3-20 |
| 2010-11, 2011-12 | നം.കെ.എസ്.എ.കെ.കെ.ഡി/ പി7/1791/2021 (13) തീയതി: 05.04.2023 | 2 | 3-2, 3-5 |
| 2013-14, 2014-15 | നം.കെ.എസ്.എ.കെ.കെ.ഡി/ പി7/1791/2021 (15) തീയതി: 05.04.2023 | 1 | 2-1(സമാഹൃതം) |
| 2015-16 | നം.കെ.എസ്.എ.കെ.കെ.ഡി/ പി7/1954/2024 (1) തീയതി: 16.01.2025 | 1 | 2-6 (സമാഹൃതം) |
| 2016-17 | നം.കെ.എസ്.എ.കെ.കെ.ഡി/ പി7/1791/2021 (17) തീയതി: 05.04.2023 | 6 | 2-3, 3-2, 3-3, 3-4, 3-8, 3-14 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി/ പി7/1791/2021 (17) തീയതി: 16.05.2023 | 19 | 1-6, 1-7, 1-8(1,2,3),1-9, 1-11, 1-12, 1-15,1-16, 1-17, 1-19, 1-20, 1-23, 1-26, 1-31, 1-32, 1-33, 3-1 |
| 2019-20 | നം.കെ.എസ്.എ.കെ.കെ.ഡി/ | 20 | 1-2-1(5,6,7,8),1-4(1),1-10,1-11, |

| | | | |
|---|---|---|---|
| | പി7/397/22 തീയതി: 17.10.2022 | | 1-12,1-13,1-14,1-15,1-16,1-21, 1-22,1-23,1-24,1-25, 1-26,1-27 |
| 2020-21 | നം.കെ.എസ്.എ.കെ.കെ.ഡി/ പി7/1317/23 തീയതി: 5.09.2023 | 28 | 1-1, 1-2-1(1,2,4,5,6,7,8,9), 1-11, 1-12, 1-13, 1-15, 1-17, 1-18, 1-19, 1-20, 1-21, 1-23, 1-24, 1-25, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 3-1, 3-2, 4-8, 4-11 |
| 2021-22 | നം.കെ.എസ്.എ.കെ.കെ.ഡി/ പി7/1318/23 തീയതി: 05.09.2023 | 38 | 1-1, 1-2-1 (1 To 8),1-5, 1-9, 1-10, 1-12 (3), 1-13, 1-14 (2), 1-16,1-17, 1-18, 1-19, 1-20,1-21, 1-24 (2), 1-25,1-26, 1-27, 1-28,1-30, 1-31, 1-33,1-34, 1-35, 1-36,1-37, 1-38, 1-39,4-8, 4-11 |
| 2022-23 | നം.കെ.എസ്.എ.കെ.കെ.ഡി/ പി7/1192/2024 തീയതി: 21.04.2025 | 39 | 1-1, 1-1-1 ,1-1-2,1-1-3 , 1-1-5, 1-1-6, 1-1-8, 1-1-9, 1-1-10, 1-1-11, 1-1-12 ,1-5, 1-8, 1-10, 1-11,1-13 ,1-14, 1-15, 1-16(3), 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-25,1-26,1-27, 1-30, 1-31, 1-32 ,1-34, 1-35, 1-37,3-1, 3-2, 4-8, 4-11 |
| 2023-24 | നം.കെ.എസ്.എ.കെ.കെ.ഡി/ പി7/234/2025 തീയതി: 21.2.2025 | 18 | 1-1, 1-1-3 , 1-1-4, 1-1-5,1-1-6, 1-9(1(1),2,4,5,6), 1-11,1-13 , 1-14,1-15, 1-16, 1-17, 1-18, 1-20, 1-21,2-1, 4-8, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 27-05-2025 and submitted on 11-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Kottur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kottur Grama Panchayat as on 31-03-2025

**Date: 22/08/2025**

**Deputy Director**
**District Office Kozhikode**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kottur Grama Panchayat for the Year 2024-2025 .

**1.Major Observations**

NIL

**2.Other Observations**

1.The following mandatory financial statements prescribed in accounting rules are not submitted for audit. eg-Ratios, Notes to Accounts.

2.Net increase/decrease in cash flow does not match with the difference between the opening balance

and closing balance of the cash and cash equivalents.

3.the amount directly debiited by bank not receipted timely.

4.the amount directly credited by bank not receipted timely.

5.No time bound demand entries made in the ledger of Property Tax

6.expenditure differs in AFS and IKM statement.

7.Mismatch of CFC balance in Balance sheet B4 and bank account.

8.E-tender fee demand not accounted.

9.The amount disbursed for deposit work has not been properly accounted for.

10.permit fees receipts-mismatch between register and AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്